
# അന്വേഷണ വീഥികളിൽ......

Vol. 01 Issue No. 9
2012 June

2. ക്രിസ്തു നിന്ദ ചില കാഴ്ചകൾ...
സത്യപ്രകാശ് ഡി.



4 വിശ്വാസവും
സയൻസും
ജെ.സി.ദേവ്.



ചാവുകടൽ തീരത്തിൽ
20. ഒരു നിമിഷം
കെ. ഒ. തോമസ്.

32. ബൈബിളിന്റെ പരിശുദ്ധി
ഖുർ ആനിൽ നിന്നും
കൂടുതൽ തെളിവുകൾ.
കെ.വി. സെബാസ്റ്റ്യൻ

3. എഡിറ്റോറിയൽ

10. മുഹമ്മദിന്റെ വംശാവലി
ഒരു അന്വേഷണം
അനിൽകുമാർ വി അയ്യപ്പൻ.

16. യേശുമിശിഹ ഏതു പക്ഷത്ത്? 7
അസ്‌ലൻ ബർക്കർ



25. ബൈബിൾ
സ്ത്രീയെ
താഴ്ത്തിക്കെട്ടുന്നുവോ?
പാസ്റ്റർ ചാക്കോ ആന്റണി
പരപ്പനങ്ങാടി.

39 സത്യം വെളിപ്പെടുത്തുന്നു..2
ഇസ്ഹാർ ഉൾ ഹഖ്

സീക്കേഴ്സ് പാത്ത്
SEEKERS Path

**Advisory Board**
C.D.Thomas
J C Dev
P. I. Abraham
K.O.Thomas

**ContributingEditors**
George John
V S Kunnathu kuzhiyil
Anil Kumar V Ayyappan

**Circulation Manager**
V K Surendran Pulpally

Cover Disigning
Libin Thomas

**Circulation Assistants**
Prince mathew Wayanad, Shajahan Malayil Malappuram, Lijo Joseph Thadiyoor Kottayam, Cheriyan Chandy Kozhikode.


**Editing & Publishing C D Varghese P.O.Box No:7, Pullad P.O, Thiruvalla.**

# ക്രിസ്തു നിന്ദ ചില കാഴ്ചകൾ

സത്യപ്രകാശ് ഡി.

വാർത്താമാദ്ധ്യമങ്ങൾ ശ്രദ്ധിച്ചാൽ വ്യക്തമാകുന്ന ഒരു ചിത്രമുണ്ട്. ക്രൈസ്തവർ മതപരിവർത്തനം നടത്തിയെന്നതിന്റെ പേരിൽ ലോകമെങ്ങും നിയമപാലകരും രാഷ്ട്രീയ സംഘടനകളും വിവിധ മതസംഘടനകളും ക്രൈസ്തവരെ പീഢിപ്പിക്കുകയും കൊലചെയ്യുകയും തുറങ്കിലോ ലേബർ ക്യാമ്പുകളിലോ ദുരിതമനുഭവിപ്പിക്കുകയും ചെയ്യുന്ന ഭീതിതമായ അവസ്ഥ. വടക്കൻ കൊറിയയിലെ ലേബർ ക്യാമ്പുകളിൽ കഴിയുന്നവർ ആയിരക്കണക്കിനാണ്. അടുത്തയിടെ വന്ന വാർത്തകളിലൂടെ ഒന്നു കണ്ണോടിച്ചപ്പോൾ വായിക്കാൻ കഴിഞ്ഞതിൽ ചിലത്..... നാഗപട്ടണത്തിൽ ആക്രമണം; 16 വിശ്വാസികൾക്കു പരിക്ക്, ബൈബിൾ ക്ലാസ്സ് നടത്തിയതിനു ലാവോസിൽ 4 പേരെ അറസ്റ്റു ചെയ്തു, പ്രാർത്ഥനയ്ക്കിടയിൽ പാസ്റ്ററേയും വിശ്വാസിയേയും മദ്ധ്യപ്രദേശിൽ അറസ്റ്റു ചെയ്തു, സുവിശേഷ പ്രതികൾ നല്കിയതിനു പാസ്റ്ററേയും സുവിശേഷകരേയും ലോക്കപ്പിലിട്ടു, കർണ്ണാടകയിൽ ആരാധനാ ഹാൾ അടച്ചുപൂട്ടാൻ പോലീസ് ഉത്തരവ്, ടുണീഷ്യയിൽ ക്രൈസ്തവമാർഗ്ഗം സ്വീകരിച്ച തിനു കഴുത്തറുത്തു കൊന്നു, സിറിയയിൽ അഭയാർത്ഥി കേന്ദ്രങ്ങളിൽ ക്രൈസ്തവർക്കു ക്രൂരമായ പീഢനം, കന്യാകുമാരിയിൽ പാസ്റ്ററേയും വിശ്വാസികളേയും മർദ്ദിച്ചു.. .. തുടങ്ങി വിവിധ പത്രങ്ങളിലും ഓൺലൈനിലും നാം വായിക്കുന്ന വാർത്തകളെത്രയെത്ര!!! എന്നിട്ടും ക്രിസ്ത്യാനിത്വത്തെ തകർക്കാൻ കഴിയാത്തതിനു കാരണം, ക്രിസ്തു അരുളിച്ചെയ്ത വാക്കുകളിൽ തെളിഞ്ഞു വിളങ്ങി നില്ക്കുന്ന, "ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല" പ്രസ്താവന തന്നെ. "അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങളെയും ഉപദ്രവിക്കും,'' " ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ട് എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്ന ആശ്വാസ വചനം ക്രൈസ്തവനു പീഢനത്തിലും സന്തോഷത്തോടെ അവ സഹിക്കുവാൻ ത്രാണി നല്കുന്നു. ക്രൈസ്തവരെന്ന ചാഞ്ഞമരത്തിൽ ഓടിക്കയറിയിട്ട് അഭിമാനിക്കുന്നവരോട് എന്തു പറയാൻ?

(തുടരും.....)



# എഡിറ്റോറിയൽ

സംശയം ചോദ്യങ്ങൾ ഉത്ഭവിക്കാൻ കാരണമാകുന്നു. ചോദ്യങ്ങൾ അന്വേഷണത്തിനു തുടക്കമിടുന്നു. സംശയം ചിലരെ സക്രിയരും ചിലരെ നിഷ്ക്രിയരുമാക്കി മാറ്റുന്നു. സക്രിയനായ വ്യക്തി ഉത്തരം ലഭിക്കാഞ്ഞാൽ അസംതൃപ്തനാകും. എന്നാൽ, അവനിലെ അന്വേഷണാത്മകമായ മനസ്സ് കൂടുതൽ അറിവു നേടാൻ തത്പരനാകുകയും ഉ ത്തരം ലഭിക്കുമ്പോൾ അയാൾ സംതൃപ്തനും ആഹ്ലാദവാനുമാകുകയും ചെയ്യുന്നു. അയാൾ തനിക്കും സമൂഹത്തിനും നേട്ടമുണ്ടാക്കുകയും മാതൃകയാവുകയും ചെയ്യുന്നു. കൂടുതൽ വിവേകിയുമാകുന്നു. എന്നാൽ, നിഷ്ക്രിയനായ വ്യക്തിയാകട്ടെ, കാറ്റടിച്ച് അലയുന്ന കടൽത്തിരയ്ക്കു സമനായി തനിക്കും സമൂഹത്തിനും ഗുണകരമാവാതെ, കൂട്ടുകാരെപ്പോലും സംശയപ്പിച്ച് നിഷ്ക്രിയരാക്കുന്നു. ഇത്തരം വ്യക്തി കളുടെ എണ്ണം പെരുകി വരികയാണ്. സംശയനിവാരണത്തിനുള്ള അന്വേഷണവും പഠനതാത്പര്യവും ഇല്ലാതായതിനാൽ സത്യം എന്തെന്നറിയാതെ,എന്തിനെയും ഏതിനെയും തങ്ങളുടെ വിശ്വാസത്തോടു കൂട്ടുചേർക്കാൻ മടിക്കാത്ത ഒരു വിഭാഗമായി വിശ്വാസസമൂഹം മാറിവരുന്ന കാഴ്ച അമ്പരപ്പോടെ മാത്രമേ ദർശിക്കാനാവൂ! ഈ സ്ഥിതി മാറേണ്ടിയിരിക്കുന്നു. ഉപരിപ്ലവമായ ചടങ്ങുകളിൽ ഒതുക്കി നിർത്താതെ വചനത്തിന്റെ സത്യതയെ യഥാർത്ഥമായി പ്രസംഗിക്കുവാൻ മതിയായ പഠന പരിശീലനങ്ങൾക്ക് വിശ്വാസ സമൂഹത്തെ നയിക്കുന്നവർ പ്രതി ജ്ഞാബദ്ധരാകേണ്ടതുണ്ട്. പൊതുജനത്തിനു നമ്മിൽ നിന്നും ചോദിച്ചറിയാനും പഠിക്കുവാനും വളരെയുണ്ട്. ഓരോ ക്രൈസ്തവനും അവരോട് സംവദിക്കേണ്ട സാഹചര്യമുണ്ട്. അതൊരിക്കലും അബദ്ധത്തിലേക്കുള്ള ചുവടുവെപ്പായി മാറാതിരിക്കുവാൻ മതിയായ വേദജ്ഞാനം ഉള്ളവരായി വിശ്വാസ സമൂഹം പരിണമിക്കുവാൻ ഇടയാകട്ടെ എന്ന പ്രാർത്ഥനയോടെ..

സസ്നേഹം,
എഡിറ്റർ,
സി.ഡി.വർഗീസ്.


**"യഹോവ ദൈവമായിരിക്കുന്ന ജാതിയും അവൻ തനിക്കു അവകാശമായി തിരഞ്ഞെടുത്ത ജനവും ഭാഗ്യമുള്ളതു"** ( സങ്കീർത്തനങ്ങൾ 33:12).

# വിശ്വാസവും സയൻസും

**ജെ.സി.ദേവ്.**

"ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിന്റെ ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളേയും തർക്കസൂത്രങ്ങളേയും ഒഴിഞ്ഞു നില്ക്ക. ആ ജ്ഞാനം ചിലർ സ്വീകരിച്ച് വിശ്വാസം വിട്ട് തെറ്റിപ്പോയിരിക്കുന്നു." (1 തിമൊഥെയോസ് 6:20,21). അപ്പസ്തോലനായ പൗലോസ് തിമൊഥെയോസിനു നല്കിയ ഈ പ്രബോധനം പ്രത്യേകം ശ്രദ്ധേയമാണ്. ദൈവികജ്ഞാനവും (സോഫിയാ) മാനുഷിക ജ്ഞാനവും ഉണ്ട്. മാനുഷിക ജ്ഞാനത്തിന്റെ ശ്രോതസ്സും ഉറവിടവും പ്രചോദനവും സർവ്വജ്ഞാനിയായ ദൈവം തന്നെയാണ്. ശലോമോനു ജ്ഞാനം നല്കിയത് ദൈവമാണ്. ''യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു'' എന്നാണ് സദൃശ്യവാക്യങ്ങളിൽ എഴുതിയിരിക്കുന്നത് (1:7). അന്വേഷണം, പഠനം, ജ്ഞാനം, കണ്ടെത്തൽ എന്നിവയെല്ലാം ജ്ഞാനവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ആധുനിക ശൈലിയിൽ ഈ ജ്ഞാനധാരകളെ ശാസ്ത്രം (സയൻസ്) എന്നു വിശേഷിപ്പിക്കാം.

ആധുനിക മനുഷ്യൻ ശാസ്ത്രരംഗത്ത് കൈവരിച്ച നേട്ടങ്ങൾ അത്ഭുതകരമാണ്. പക്ഷേ, സയൻസിനെ ദുർവ്യാഖ്യാനം ചെയ്യുന്ന ഒരു സമീപനം നിലവിലുണ്ട്. മഹാബുദ്ധിമാനും ഗവേഷകനുമായ ശലോമോൻ ജ്ഞാനസമൃദ്ധിയിലും ദൈവാവബോധം സംരക്ഷിച്ചിരുന്നു. യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭം എന്ന് അദ്ദേഹം എഴുതി. അപ്പസ്തോലനായ പൗലോസ് മഹാപണ്ഡിതനായിരുന്നു. അദ്ദേഹം വായനയിലൂടെയും പഠനത്തിലൂടെയും ആർജ്ജിച്ചെടുത്ത ജ്ഞാനത്തിനു അതിരില്ല. റബ്ബിയായ ഗമാലിയേലിന്റെ ശിഷ്യനായി ന്യായപ്രമാണം കമ്പോടു കമ്പ് മനഃപാഠമാക്കി, ന്യായപ്രമാണത്തിൽ പാണ്ഡിത്യം സമ്പാദിച്ചു. (അപ്പസ്തോല പ്രവൃത്തികൾ 22:3). റോമൻ നിയമത്തിലും ജ്ഞാനം ആർജ്ജിച്ചു (അപ്പസ്തോല പ്രവൃത്തികൾ 22:25-29). യവന സാഹിത്യത്തിലും തത്വശാസ്ത്രത്തിലും ആഴമേറിയ പാണ്ഡിത്യം നേടി (അപ്പസ്തോല പ്രവൃത്തികൾ 17:28). പൗലോസ് നല്ല ഒരു വായനക്കാരനായിരുന്നു. ( തിമൊഥെയോസ് 4:13). വിശ്വാസം സമർത്ഥിക്കാനുള്ള അറിവും കഴിവും ഉണ്ടായിരുന്നു. മികച്ച ഒരു അപ്പോളജിസ്റ്റായിരുന്നു. (അപ്പസ്തോല പ്രവൃത്തികൾ 9;22). ''ഞാൻ ക്രിസ്ത്യാനിയായിത്തീരുവാൻ നീ എന്നെ അല്പം കൊണ്ടു സമ്മതിപ്പിക്കുന്നു എന്നു അഗ്രിപ്പാ രാജാവു പോലും പൗലോസിനോടു പറയേണ്ടി വന്നു. (അപ്പസ്തോല പ്രവൃത്തികൾ 26:28).



വിശ്വാസ സമർത്ഥനത്തിൽ പൗലോസിന്റെ ജ്ഞാനവും സമീപനത്തിന്റെ സവിശേഷതയും ഇവിടെ സ്ഥിരീകരിക്കപ്പെടുകയാണ്. പ്രതിവാദത്തിനിടയിൽ ഫെസ്തോസ് പൗലോസിന്റെ "വിദ്യാബഹുത്വത്തെ"പ്പറ്റി പരാമർശിച്ചത് പ്രത്യേകം ശ്രദ്ധേയമാണ്. "വിദ്യാബഹുത്വത്താൽ നിനക്കു ഭ്രാന്തുപിടിച്ചിരിക്കുന്നു" (അപ്പസ്തോല പ്രവൃത്തികൾ 26:24). ഇത്രമാത്രം മാനുഷിക ജ്ഞാനം പൗലോസിനുണ്ടായിരുന്നു. പക്ഷേ, ഈ ജ്ഞാനം പൗലോസിനെ ക്രിസ്തുവിൽ നിന്നും ക്രിസ്തു വിശ്വാസത്തിൽ നിന്നും പിന്തിരിപ്പിച്ചില്ല. പൗലോസ് ക്രിസ്തുവിന്റെ ദാസനായി, ക്രിസ്തു വിശ്വാസത്തിന്റെ വക്താവും പ്രചാരകനുമായി. വിദ്യാബഹുത്വത്തെ സ്വാധീനിക്കുന്ന, കീഴ്പ്പെടുത്തുന്ന ദൈവിക വെളിപ്പാട് പൗലോസ് ആർജ്ജിച്ചിരുന്നു. (ഗലാത്യർ 1:11,12; 2 കൊരിന്ത്യർ 12:7). "എങ്കിലും ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു. എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല. അവരെല്ലാവരേക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു. എന്നാൽ ഞാനല്ല, എന്നോടു കൂടെയുള്ള ദൈവകൃപയത്രേ" ( 1 കൊരിന്ത്യർ 15:10). പൗലോസ് ബഹുഭാഷാ പണ്ഡിതനും (അപ്പസ്തോല പ്രവൃത്തികൾ 14:1 22:2) മികച്ച പ്രഭാഷകനുമായിരുന്നു (അപ്പസ്തോല പ്രവൃത്തികൾ 14:3,12; 17:16–33; 28:29,30).

മഹാപണ്ഡിതനാണെങ്കിലും ദൈവിക വെളിപ്പാടിന്റെ സമൃദ്ധിയും അദ്ദേഹം അനുഭവിച്ചു. മാനുഷിക ജ്ഞാനവും ദൈവിക ജ്ഞാനവും ഒന്നിച്ച് പൗലോസിൽ നിറഞ്ഞു നിന്നു. ക്രിസ്തു ദൈവജ്ഞാനം എന്ന മഹാസത്യം അദ്ദേഹം തിരിച്ചറിഞ്ഞു ( 1 കൊരിന്ത്യർ 1:24). സയൻസ് അഭിവൃദ്ധിപ്പെടുന്നിടത്ത് ദൈവവിശ്വാസം നഷ്ടപ്പെടുമെന്ന ചിന്തയ്ക്ക് വിരുദ്ധമാണ് ഈ ദൈവാനുഭവങ്ങൾ. ജ്ഞാനം സ്വീകരിച്ച് വിശ്വാസം ത്യജിച്ചവർ സമൂഹത്തിലുണ്ട്. "ആ ജ്ഞാനം ചിലർ സ്വീകരിച്ചു വിശ്വാസം വിട്ടു തെറ്റിപ്പോയിരിക്കുന്നു." ( തിമൊഥെയോസ് 6:21). ഇന്നിന്റെ സമൂഹത്തിൽ ദൈവാവബോധവും ദൈവാഭിമുഖ്യവും സംരക്ഷിക്കുന്ന ശാസ്ത്രജ്ഞന്മാരുടെ സാന്നിദ്ധ്യം പ്രത്യേകം ചിന്താർഹമാണ്. ദൈവവിശ്വാസം ഉള്ളവർ ജ്ഞാനം ഇല്ലാത്തവരാണെന്നും വിവരം കെട്ടവരാണെന്നും ഉള്ള പ്രചാരണം യുക്തിക്കു നിരക്കുന്നതല്ല. സയൻസും വിശ്വാസവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. അവ പരസ്പരം ബന്ധിതമാണ്. ജീവിതം കുറേക്കൂടെ അർത്ഥവത്താക്കിത്തീർക്കുന്നതിനു സയൻസും വിശ്വാസവും കൂടിയേ തീരൂ. ഇതാണ് വസ്തുത എങ്കിലും സയൻസിനെ ദൈവനിഷേധത്തിന്റെ പ്രതീകമായി ദുർവ്യാഖ്യാനം ചെയ്യുന്നവരുണ്ട്. അവർ വാസ്തവത്തിൽ ശാസ്ത്രത്തേയും ശാസ്ത്രത്തിന്റെ നേട്ടങ്ങളേയും അപമാനിക്കുകയാണ്. ശാസ്ത്രം ദൈവവിശ്വാസത്തിനു എതിരല്ല.

**പരിണാമവാദം പഠിപ്പിക്കുന്നിടത്ത് സൃഷ്ടിവാദം ബോധപൂർവ്വം ഒഴിവാക്കുമ്പോൾ ജ്ഞാനത്തിന്റെ ഒരു വശം മാത്രമേ ആകുന്നുള്ളു. ഇതു വിശ്വാസവിഷയത്തിന്റെ നേരെ സർക്കാർ ചിലവിലുള്ള നിരീശ്വരവാദിയുടെ ആക്രമണമാണ്. ഇവിടെ വിദ്യാർത്ഥിക്കു ലഭിക്കു ന്നത് അപൂർണ്ണവും അശാസ്ത്രീയവും അപക്വവുമായ അറിവാണ്; വിദ്യാഭ്യാസമാണ്.**

ശാസ്ത്രത്തിന്റെ മറവിൽ നിരീശ്വരവാദ സമീപനങ്ങളും ഇടപെടലുകളും ഇന്നും നടക്കുന്നുണ്ട് എന്ന വസ്തുത വിസ്മരിക്കുന്നില്ല. ദൈവാസ്തിത്വത്തെ നിഷേധിക്കുക, വിശ്വാസം ചോദ്യം ചെയ്യുക, വിശ്വാസ വിഷയങ്ങളിൽ സംശയം ജനിപ്പിക്കുക, വിശ്വാസത്തിന്റെ എതിർപഠനങ്ങൾ ആവിഷ്ക്കരിക്കുക, എന്തിനേയും നാസ്തിക നിരീക്ഷണത്തിൽ വിലയിരുത്തുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതൊക്കെ സയൻസിന്റെ മറവിൽ അരങ്ങേറുന്ന വ്യർത്ഥാലാപങ്ങളും തർക്കശാസ്ത്രങ്ങളുമാണ്.ഇവയെ ഒഴിഞ്ഞുമാറുവാൻ അപ്പസ്തോലനായ പൗലോസ് പ്രബോധിപ്പിക്കുന്നു.

വളരുന്ന തലമുറയെ വഴിതെറ്റിക്കുക എന്ന ദുരുദ്ദേശത്തോടെ സ്ക്കൂൾ തലം മുതൽക്കു തന്നെ പാഠപുസ്തകങ്ങളിൽ നിരീശ്വരവാദ സമീപനങ്ങളും ഇടപെടലുകളും കാണാറുണ്ട്. ഇതു കൂടുതൽ വിവാദം സൃഷ്ടിക്കുന്നതിനും വിദ്യാഭ്യാസ രംഗം തന്നെ മലിനമാക്കുന്നതിനും ഇടയാക്കുന്നു. എം.എ.ബേബി വിദ്യാഭ്യാസ വകുപ്പു കൈകാര്യം ചെയ്തപ്പോൾ കേരളത്തിന്റെ വിദ്യാഭ്യാസ രംഗം കമ്യൂണിസ്റ്റ് പാർട്ടി രാഷ്ട്രീയത്തിന്റെ കളരിയാക്കി മാറ്റി. അപകടകരമായ ഈ സമീപനത്തോടു ആശയപരമായി പ്രതിരോധിക്കുവാനുള്ള ശക്തമായ സമീപനങ്ങൾ കത്തോലിക്കാ തുടങ്ങിയ എപ്പിസ്ക്കോപ്പൽ സഭകളിൽ നിന്നും ഉണ്ടായി എന്നത് ആശ്വാസകരമാണ്. അവരുടെ സണ്ടേസ്ക്കൂൾ സിലബസുകളിലും മോറൽ കാസ്സുകളിലും ദൈവശാസ്ത്രപരവും ധാർമ്മികവും സാന്മാർഗ്ഗികവുമായ പാഠങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവരുടെ ആനുകാലികങ്ങളിലും സഭാനേതാക്കന്മാരുടെ പ്രബോധനങ്ങളിലും ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യാറുണ്ട്.

ഇടതുപക്ഷ നാസ്തിക ചിന്താഗതികൾ പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്നത് ബുദ്ധിജീവികളുടെ ലക്ഷണമായി പരിഗണിക്കുന്ന ഒരു സമൂഹം ഇവിടെ ഉണ്ട്. ഇവിടെ ആനുകാലികങ്ങളും ഇത്തരം ആശയങ്ങളുടെ പ്രചാരകരായി മാറിയിരിക്കുന്നു. അതുകൊണ്ട് സെക്കുലർ മാദ്ധ്യമങ്ങൾ ദൈവനിഷേധ, വിശ്വാസവിരുദ്ധ ആശയങ്ങൾക്കു അമിത പ്രാധാന്യം നല്കിക്കാണുന്നു. വിശ്വാസത്തെ വിമർശിക്കുന്നതും ചോദ്യം ചെയ്യുന്നതും അവർക്കൊരു രസമാണ്. ബുദ്ധിജീവി എന്നും വിപ്ലവകാരി എന്നും ഉള്ള ഇമേജ് സൃഷ്ടിച്ചെടുക്കുവാനും



**"യിസ്രായേലിന്റെ രാജാവായ യഹോവ, അവന്റെ വീണ്ടെടുപ്പുകാര നായ യഹോവ, ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല". ( യെശയ്യാവ് 44:6)**

അവർക്കു സാധിക്കും. എന്നാൽ ഇതിനെതിരെ വിശ്വാസ സമർത്ഥനത്തിന്റെ ഒരു പ്രതിരോധ സമീപനം സഭകളുടെ ഭാഗത്തു നിന്നു ഉണ്ടാവുന്നില്ല. ക്രൈസ്തവ സഭകൾ ഗവേഷണത്തിന്റെയും വായനയുടെയും പഠനത്തിന്റെയും വഴി ഉപേക്ഷിച്ച മട്ടാണ്. സെക്കുലർ മേഖലകളിൽ നൂറു കണക്കിനു പുസ്തകങ്ങൾ മാസം തോറും പ്രസിദ്ധീകരിക്കുമ്പോൾ പെന്തക്കോസ്തു തുടങ്ങിയ സുവിശേഷാത്മക സമൂഹങ്ങളിൽ എത്ര പുതിയ ഗ്രന്ഥങ്ങൾ വരുന്നുണ്ട്. അവയിൽ എത്ര പഠന, ഗവേഷണ ഗ്രന്ഥങ്ങളുണ്ട്? വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട കാര്യമാണിത്.

ചാൾസ് ഡാർവിന്റെ പരിണാമവാദത്തിനു പാഠപുസ്തകങ്ങളിൽ വളരെ പ്രാധാന്യം നല്കിയിട്ടുണ്ട്; സൃഷ്ടിവാദത്തിനു തീർത്തും അവഗണനയും. പരിണാമവാദം പഠിപ്പിക്കുമ്പോൾ സ്രഷ്ടാവായ ദൈവം വിമർശിക്കപ്പെടുന്നു. മതം ചോദ്യം ചെയ്യപ്പെടുന്നു. അങ്ങനെ പഠിപ്പിക്കുവാൻ സർക്കാർ പിന്തുണയും അവസരവും ലഭിക്കുന്ന നാസ്തിക വീക്ഷണമുള്ള അദ്ധ്യാപകർ ക്ലാസ്സുമുറികളിൽ കത്തിക്കയറുന്നു. ഇവിടെ വിദ്യാർത്ഥികളുടെ മനസ്സിൽ നിരീശ്വരവാദവും പരിണാമസിദ്ധാന്തവും കയറിക്കൂടുകയാണ്. വിശ്വാസം സംശയിക്കപ്പെടുന്നു. വിശ്വാസം ചോദ്യം ചെയ്യപ്പെടുന്നു. . പരിണാമവാദം പഠിപ്പിക്കേണ്ട എന്നു ഞാൻ പറയുന്നില്ല. അതു ക്ലാസ്സുമുറികളിൽ പഠിപ്പിക്കേണം. അപ്പോൾത്തന്നെ സൃഷ്ടിവാദവും പഠിപ്പിക്കേണം. ഈ സാമാന്യ മര്യാദയും സാമൂഹിക നീതിയും വിശ്വാസ വിഷയങ്ങളിൽ വരുമ്പോൾ നിഷേധിക്കപ്പെടുകയാണ്. പരിണാമവാദം പഠിക്കുന്ന വിദ്യാർത്ഥിക്ക് സൃഷ്ടിവാദവും പഠിക്കുവാനുള്ള അവകാശം ഉണ്ട്. ഈ അവകാശവും സ്വാതന്ത്ര്യവും നിഷേധിച്ചു കൂടാ. പരിണാമവാദം പഠിപ്പിക്കുന്നിടത്ത് സൃഷ്ടിവാദം ബോധപൂർവ്വം ഒഴിവാക്കുമ്പോൾ ജ്ഞാനത്തിന്റെ ഒരു വശം മാത്രമേ ആകുന്നുള്ളു. ഇതു വിശ്വാസവിഷയത്തിന്റെ നേരെ സർക്കാർ ചിലവിലുള്ള നിരീശ്വരവാദിയുടെ ആക്രമണമാണ്. ഇവിടെ വിദ്യാർത്ഥിക്കു ലഭിക്കുന്നത് അപൂർണ്ണവും അശാസ്ത്രീയവും അപക്വവുമായ അറിവാണ്; വിദ്യാഭ്യാസമാണ്. പരിണാമവാദം പഠിപ്പിക്കുന്ന ഗൗരവത്തോടെ സൃഷ്ടിവാദവും പഠിക്കുവാൻ അവസരം ലഭിക്കുമ്പോൾ മാത്രമേ ജീവശാസ്ത്രം സംബന്ധിച്ചു വിദ്യാർത്ഥികൾക്കു ലഭിക്കുന്ന അറിവ് പൂർണ്ണമാകുകയുള്ളു. അല്ലെങ്കിൽ അത് ഭാഗികമായ അറിവ് മാത്രമായിരിക്കും; അത് അപകടകരവുമാണ്.

സ്ക്കൂൾ, കോളേജ് സിലബസുകളിൽ പരിണാമവാദം നിർബ്ബന്ധ പഠനമായി നിലനിർത്തുകയും സൃഷ്ടിവാദം ബോധപൂർവ്വം അവഗണിക്കുകയും ചെയ്യുന്ന പക്ഷപാതപരമായ വിദ്യാഭ്യാസ രീതി തുടരുകയാണെങ്കിൽ, സൃഷ്ടിവാദം പഠിപ്പിക്കുവാനും പരിണാമവാദത്തിലെ അശാസ്ത്രീയത ചൂണ്ടിക്കാണിക്കുവാനും ഉള്ള സാഹിത്യ ബോധന പരിശ്രമങ്ങൾ ക്രൈസ്തവ സഭയുടെ ഭാഗത്തു നിന്നും ഉണ്ടാകണം. സ്ക്കൂൾ, കോളേജ് സിലബസുകളിൽ പരിണാമവാദത്തോടൊപ്പം സൃഷ്ടിവാദവും പഠനവിഷയമാക്കുന്നതിനു നിയമത്തിന്റെ സാദ്ധ്യതകൾ തേടാം. വിദ്യാഭ്യാസ

മന്ത്രിക്കു നിവേദനം നല്കാം. ജനപ്രതിനിധികൾക്കു നിയമസഭയിൽ ആവശ്യം ഉന്നയിക്കാം. അതുപോലെ സൃഷ്ടിവാദം സമർത്ഥിക്കുന്ന, പരിണാമവാദം അശാസ്ത്രീയം എന്നു തെളിയിക്കുന്ന ആധികാരിക പഠനഗ്രന്ഥങ്ങൾ ക്രൈസ്തവ സഭകൾക്കു പ്രസിദ്ധീകരിക്കാം. സഭകളുടെ സണ്ടേസ്ക്കൂൾ പാഠങ്ങളിലും മോറൽ ക്ലാസ്സുകളിലും ഈ വിഷയങ്ങൾ ഉൾപ്പെടുത്താം. ക്രിസ്തീയ ആനുകാലികങ്ങളിൽ തുടർച്ചയായി പ്രസിദ്ധീകരിക്കാം. വിശ്വാസികളുടെയും വിദ്യാർത്ഥികളുടെയും സംശയങ്ങൾക്കു മറുപടി നല്കുന്ന സ്ഥിരം പംക്തികൾ ആനുകാലികങ്ങളിൽ ഉൾപ്പെടുത്താം. ശാസ്ത്രീയ രംഗത്ത് ഉണ്ടാകുന്ന കണ്ടെത്തലുകളും സംഭവവികാസങ്ങളും ക്രൈസ്തവ വീക്ഷണത്തിൽ വിലയിരുത്തുന്ന പഠനങ്ങൾ തുടർച്ചയായി പ്രസിദ്ധീകരിക്കാം. ക്രിസ്തീയ ആനുകാലികങ്ങളുടെ നിലവാരം കുറേക്കൂടെ ഉയർത്തുന്നതിനും വായനക്കാർക്ക് വ്യക്തമായ ദിശാബോധം നല്കുന്നതിനും ഇതു ഉപകരിക്കും. പരിണാമവാദം, നിരീശ്വരവാദം, യുക്തിവാദം തുടങ്ങിയ വിശ്വാസനിഷേധ സമീപനങ്ങൾക്കു നേരെയുള്ള ആശയപരമായ ഒരു പ്രതിരോധ ഇടപെടലായി ഇതു പ്രയോജനപ്പെടും.

പരിണാമവാദം, നിരീശ്വരവാദം, യുക്തിവാദം എന്നൊക്കെ കേൾക്കുമ്പോൾ ഭയപ്പെടേണ്ട യാതൊരു കാര്യവും ഇല്ല. ഇവിടെ വിശ്വാസനിഷേധത്തിന്റെ വിഷയം വരുന്നില്ല. ഇവ കേവലം അശാസ്ത്രീയമായ അഭിപ്രായ പ്രകടനങ്ങൾ മാത്രമാണ്. ചാൾസ് ഡാർവ്വിന്റെ (1809–1882) ഒറിജിൻ ഓഫ് സ്പീഷിസ് ( The Origin of specis, by means of natural selection) എന്ന ഗ്രന്ഥം 1859 ലാണ് പ്രസിദ്ധീകരിച്ചത്. ഈ ഗ്രന്ഥത്തിലൂടെ അദ്ദേഹം ആവിഷ്ക്കരിച്ച പരിണാമവാദം (Evolution Theory) മനുഷ്യന്റെ ജീവോല്പത്തിയെ സംബന്ധിച്ച ഒരു അഭിപ്രായം (സിദ്ധാന്തം) മാത്രമാണ്. ഡാർവ്വിന്റെ പരിണാമവാദം ഞാനീ കുറിപ്പ് എഴുതുന്നതു വരെ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. അവിടെ ഇന്നും സംശയങ്ങൾ നിലനില്ക്കുകയാണ്. പരീക്ഷണങ്ങളും പരിഷ്ക്കരണങ്ങളും ഭേദഗതികളും തിരുത്തലുകളും തുടരുകയാണ്. ആധികാരികമായ ഒരു ശാസ്ത്രഗ്രന്ഥത്തിനുണ്ടായിരിക്കേണ്ട ഒരു ലക്ഷണവും ചാൾസ് ഡാർവ്വിന്റെ പരിണാമവാദം അവതരിപ്പിച്ച ഗ്രന്ഥത്തിനില്ല. പുസ്തകത്തിന്റെ പതിമൂന്നാമത്തെ പേജു മുതൽ "ഞാൻ വിശ്വസിക്കുന്നതു പോലെ", "ഞാൻ വിശ്വസിക്കുന്നു", "ഞാൻ അങ്ങനെ കരുതുന്നു", "ഞാൻ ഊഹിക്കുന്നു" തുടങ്ങിയ പ്രയോഗങ്ങൾ ധാരാളം കാണാം. ഇതൊന്നും ഒരു ആധികാരിക ശാസ്ത്രഗ്രന്ഥത്തിനു യോജിച്ചതല്ല. പരിണാമവാദത്തിലൂടെ സ്രഷ്ടാവായ ദൈവത്തെ നിഷേധിക്കുവാനോ നിരീശ്വരവാദം സമർത്ഥിക്കുവാനോ ഡാർവ്വിൻ ശ്രമിച്ചിട്ടില്ല. "പരിണാമങ്ങളിലും തുടർമാനമായ മാറ്റങ്ങളിലും മുഖ്യഹേതുവായി, ഏതോ ഒരു അദൃശ്യശക്തി

**ഡാർവ്വിൻ ഒരു നിരീശ്വരവാദിയോ ക്രിസ്തുമത വിരോധിയോ ആയിരുന്നില്ല. തോമസ് പെയിനിനെ പോലെ ഡാർവ്വിൻ ഒരു ഡീയിസ്റ്റാ (Diest)യിരുന്നു. മതങ്ങൾ വെളിപ്പെടുത്തുന്ന ദൈവാവിഷ്ക്കരണത്തിൽ വിശ്വസിക്കാതെ ഒരു പരാശക്തിയിൽ വിശ്വസിക്കുന്നവരാണ് ഡീയിസ്റ്റുകൾ. ക്രിസ്തുമതത്തെ അപമാനിക്കുവാൻ ഡാർവ്വിൻ ശ്രമിച്ചിട്ടില്ല.**

**" ഞാൻ ഭൂമിയെ ഉണ്ടാക്കി അതിൽ മനുഷ്യനെയും സൃഷ്ടിച്ചു; എന്റെ കൈ തന്നേ ആകാശത്തെ വിരിച്ചു അതിലെ സകല സൈന്യത്തെയും ഞാൻ കല്പിച്ചാക്കിയിരിക്കുന്നു". ( യെശയ്യാവ് 45:12)**

പരമ്പരാഗതമായി മറഞ്ഞു കിടക്കുന്നു എന്നത് എനിക്കു നിഷേധിക്കുവാൻ സാദ്ധ്യമല്ല" എന്നു ഡാർവ്വിൻ എഴുതി.

ഡാർവ്വിന്റെ പരിണാമവാദത്തിനു നാസ്തിക വേഷം നല്കി, ക്രിസ്തീയ സഭയ്ക്കെതിരെ അതിനെ ഒരായുധമാക്കി മാറ്റി ദുരുപയോഗിച്ചത് ഹെഗലും ഹാൾഡേനും ഹക്സലിയുമാണ്. ഡാർവ്വിൻ ഒരു നിരീശ്വരവാദിയോ ക്രിസ്തുമത വിരോധിയോ ആയിരുന്നില്ല. തോമസ് പെയിനിനെ പോലെ ഡാർവ്വിൻ ഒരു ഡീയിസ്റ്റാ (Diest) യിരുന്നു. മതങ്ങൾ വെളിപ്പെടുത്തുന്ന ദൈവാവിഷ്ക്കരണത്തിൽ വിശ്വസിക്കാതെ ഒരു പരാശക്തിയിൽ വിശ്വസിക്കുന്നവരാണ് ഡീയിസ്റ്റുകൾ. ക്രിസ്തുമതത്തെ അപമാനിക്കുവാൻ ഡാർവ്വിൻ ശ്രമിച്ചിട്ടില്ല. നിരീശ്വരവാദത്തിൽ അധിഷ്ഠിതമായ "മൂലധനം" ഡാർവ്വിനു സമർപ്പിക്കുന്നതിനു അനുവാദം തേടിയ കാറൽ മാർക്സിനോടു അദ്ദേഹം വിയോജിക്കുകയാണ് ചെയ്തത്. മാർക്സിനു ഡാർവ്വിൻ അയച്ച കത്ത് മോസ്ക്കോയിലെ മാർക്സ് ഏംഗൽസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സൂക്ഷിച്ചിരുന്നു. പ്രസ്തുത കത്തിൽ ക്രിസ്തീയ വിശ്വാസത്തോടു തനിക്കുള്ള പരിപക്വമായ വീക്ഷണഗതി ഡാർവ്വിൻ വ്യക്തമാക്കിയിട്ടുണ്ട്. ഡാർവ്വിൻ നിരീശ്വരവാദിയും കമ്മ്യൂണിസ്റ്റ് അനുഭാവിയും അല്ലാത്തതു കൊണ്ട് ജോസഫ് സ്റ്റാലിന്റെ (1928-1953) കാലത്ത് റഷ്യയിൽ ഡാർവ്വിനിസം നിരോധിക്കപ്പെട്ടു. ഡാർവ്വിന്റെ പരിണാമവാദം ഇന്നുവരെ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. ബൈബിളിലെ സൃഷ്ടി വിവരണത്തെ നിഷേധിക്കുന്ന യാതൊരു ശാസ്ത്രീയ നിലപാടും ഡാർവ്വിന്റെ പരിണാമവാദത്തിലില്ല. പരിണാമവാദം ആസ്പദമാക്കി കഴിഞ്ഞ 150 വർഷമായി നടന്നിട്ടുള്ള യാതൊരു പഠനങ്ങളിലും കണ്ടെത്തലുകളിലും സ്രഷ്ടാവായ ദൈവത്തെ തള്ളിപ്പറയുവാൻ മതിയായ പരിണാമവാദമോ നിരീശ്വരവാദമോ തെളിയിക്കുവാൻ ആവശ്യമായ ഒരു തെളിവും ലഭിച്ചിട്ടില്ല. ഇപ്പോഴും ദൈവം തന്നെയാണ് സ്രഷ്ടാവ്. സയൻസിന്റെ മേഖലയിൽ നിന്നും ഓരോ കണ്ടെത്തലിന്റെയും റിപ്പോർട്ടുകൾ പുറത്തു വരുമ്പോഴും സ്രഷ്ടാവായ ദൈവത്തിൽ മനുഷ്യനുള്ള വിശ്വസം സയുക്തികമെന്നു തെളിയിക്കപ്പെടുകയാണ്. ശാസ്ത്രം വിശ്വാസത്തെ ചോദ്യം ചെയ്യുകയോ നിഷേധിക്കുകയോ സംശയിക്കുകയോ ചെയ്യുന്നില്ല. ശാസ്ത്രം വിശ്വാസത്തെ ആദരപൂർവ്വം ഉൾക്കൊള്ളുകയാണ്. ശാസ്ത്രത്തിന്റെ നിലനില്പും വിശ്വാസത്തിലാണ്.

**മാസിക ആവശ്യപ്പെടുവാനും പണമയയ്ക്കുവാനും**

**C D Varghese**
**P.O.Box.No:7, Pullad P.O.**
**Thiruvalla.689548.**
**Phone: 9447518465.**

**A/C. No: 15970100006326**
**Federal Bank Pullad.**
**IFSC Code FDRL0001597.**
**Email: seekerspath@live.com**

" ആകയാൽ നിങ്ങളുടെ മനസ്സ് ഉറപ്പിച്ചു നിർമദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചുകൊൾവിൻ." (1 പത്രോസ് 1:13)

യേശുക്രിസ്തുവിന്റെ വംശാവലി. 5

**അനിൽകുമാർ വി അയ്യപ്പൻ.**

# മുഹമ്മദിന്റെ വംശാവലി ഒരു അന്വേഷണം

ഈ ലക്കത്തോടു കൂടി യേശുക്രിസ്തുവിന്റെ വംശാവലിയെ സംബന്ധിച്ച ഈ പഠനം നാം അവസാനിപ്പിക്കുകയാണ്. വാഴ്ത്തപ്പെട്ട കർത്താവായ യേശുക്രിസ്തു ദാവീദിന്റെ സന്തതിയാണെന്നു രണ്ടു വംശാവലികളുടെ അടിസ്ഥാനത്തിലും മനസ്സിലാക്കുവാൻ സർവ്വശക്തനായ ദൈവം സഹായിച്ചു. അതുപോലെ ഇസ്ലാംമത പ്രവാചകനായ മുഹമ്മദിന്റെ വംശാവലിയെക്കുറിച്ചും നാം ചില കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വംശാവലി കഴിഞ്ഞ ലക്കത്തിൽ നല്കിയിരുന്നതുമാണ്. ആ വംശാവലിയെക്കുറിച്ച് ചില കാര്യങ്ങൾ കൂടി നോക്കിയിട്ടു നമുക്കു ഈ പഠനം അവസാനിപ്പിക്കാം.

അബ്രഹാം മുതൽ മുഹമ്മദ് വരെയുള്ളതാണ് സയ്ദ് യൂസഫ് നല്കിയിരിക്കുന്ന വംശാവലി. മുഹമ്മദടക്കം 25 തലമുറകളാണ് അതിൽ ആകെയുള്ളത്. മുഹമ്മദ് ജനിക്കുന്നത് A.D.570-ലാണ്. ശരാശരി ഒരു തലമുറ 30 വർഷം (അതായത്, മുപ്പതാമത്തെ വയസ്സിൽ ഒരാൾ തന്റെ അടുത്ത തലമുറയെ ജനിപ്പിച്ചു) എന്നു കണക്കു കൂട്ടിയാൽ നമുക്കു ലഭിക്കുന്നത് 24x30=720. അബ്രഹാമും മുഹമ്മദും തമ്മിലുള്ള കാലദൈർഘ്യം 720 വർഷം മാത്രമാണോ? ആണെങ്കിൽ അബ്രഹാം ജീവിച്ചിരുന്നത് B.C.150-ലാണെന്നു (720 -570=150) പറയേണ്ടി വരും. അതിനർത്ഥം യിസ്രായേൽ രാഷ്ട്രം രൂപീകരിക്കപ്പെട്ടു ഒന്നര സഹസ്രാബ്ദത്തിനു ശേഷമാണ് ആ രാഷ്ട്രത്തിന്റെ കുലകൂടസ്ഥനായ അബ്രഹാം ജനിച്ചതെന്നത്രേ! ഇത് പമ്പരവിഡ്ഢിത്തവും അവജ്ഞയോടെ തള്ളിക്കളയേണ്ട വാദവുമാണെന്നു ചിന്താശേഷിയുള്ള മനുഷ്യർ രണ്ടുവട്ടം ചിന്തിക്കാതെ തന്നെ സമ്മതിക്കുന്ന കാര്യമാണല്ലോ.

മാത്രമല്ല, B.C. മൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ചാവുകടൽ ചുരുളുകളിൽ അബ്രഹാമിന്റെ ജീവിതത്തെക്കുറിച്ചു വിശദമായി പറയുന്നുണ്ട്. സയ്ദ് യൂസഫ് നല്കുന്ന മുഹമ്മദിന്റെ വംശാവലി പ്രകാരം B.C.രണ്ടാം

നൂറ്റാറ്റണ്ടിൽ ജീവിച്ചിരുന്ന ആളുടെ ജീവചരിത്രം അദ്ദേഹം ജനിക്കുന്നതിനും ഒരു നൂറ്റാണ്ടു മുമ്പേ എഴുതപ്പെട്ടു കഴിഞ്ഞിരിക്കുന്നു! എന്തൊരത്ഭുതമാണിത്!! ഇങ്ങനെയുള്ള അത്ഭുതങ്ങൾ കാണിക്കാൻ ദാവാ പ്രവർത്തകർക്കു മാത്രമേ കഴിയുകയുള്ളു. അതല്ലെങ്കിൽ സയ്ദ് യൂസഫ് പറഞ്ഞതനുസരിച്ച് മുഹമ്മദിന്റെ വംശാവലി ശരിയാകണമെങ്കിൽ ഒരു സാദ്ധ്യതയുണ്ട്, ആ വംശാവലിയിലുള്ള ഓരോ വ്യക്തിയും നൂറ്റിപ്പത്ത് വയസ്സു കഴിഞ്ഞതിനു ശേഷമായിരിക്കണം ആദ്യജാതനെ ജനിപ്പിച്ചത് എന്നു തെളിയിക്കണം. അങ്ങനെയാണെങ്കിൽ ഈ വംശാവലിയിലെ അംഗ സംഖ്യ ശരിയായിരിക്കും!

ഖിന്റെ പിതാവ്; അഖ്നൂഖ് മഥൂശലഹിന്റെ പിതാവ്; മഥൂശലഹ് ലാമ്കിന്റെ പിതാവ്; ലാമ്ക് നൂഹിന്റെ പിതാവ്; നൂഘ് ശാമിന്റെ പിതാവ്; ശാം അർഫഖ്ഷാദിന്റെ പിതാവ്; അർഫഖ്ഷാദ് ശാലിഖിന്റെ പിതാവ്; ശാലിഖ് അയ്ബറിന്റെ പിതാവ്; അയ്ബർ ഫാലിഖിന്റെ പിതാവ്; ഫാലിഖ് റാ'ഊവിന്റെ പിതാവ്; റാ'ഊ സാരൂഗതിന്റെ പിതാവ്; സാരൂഘ് നാഹൂരിന്റെ പിതാവ്; നാഹൂർ താരിഹിന്റെ പിതാവ്; താരിഹ് ഇബ്രാഹിമിന്റെ പിതാവ്; ഇബ്രാഹിം ഇസ്മായീലിന്റെ പിതാവ്; ഇസ്മായീൽ നാബിത്തിന്റെ പിതാവ്; നാബിത്ത് യാശ്ജൂബിന്റെ പിതാവ്; യാശ്ജൂബ് യാ'രൂബിന്റെ പിതാവ്;

**മുഹമ്മദിനും 570 വർഷം മുമ്പ് ജനിച്ച യേശുക്രിസ്തുവിന്റെ വംശാവലി പരിശോധിച്ചാൽ അതിൽ ആദാം മുതൽ യേശുക്രിസ്തു വരെ എഴുപത്തേഴ് തലമുറകളെ കാണാൻ കഴിയും!! എന്നിട്ടും യേശു ക്രിസ്തുവിനും അര സഹസ്രാബ്ദം കഴിഞ്ഞു വന്ന മുഹമ്മദും ആദാമും തമ്മിൽ നാല്പത്തൊമ്പത് തലമുറകളുടെ മാത്രം അകലമേയുള്ളു എന്നോ?!**

സയ്ദ് യൂസഫ് നല്കന്ന വംശാവലിയിൽ അബ്രഹാം മുതൽ ആദാം വരെയുള്ളവരുടെ പേരുകൾ കാണുന്നില്ല. അത് അറിയുവാൻ വേറെ ഒരു വംശാവലിയുണ്ട്. ആ വംശാവലി താഴെ കൊടുക്കുന്നു. ഇത് ഇബ്നു ഇസ്ഹാക്കിന്റെ "സീറാ റസൂൽ അള്ളാ" എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തു ഇബ്നു ഹിശാം തന്റെ സീറയിൽ കൊടുത്തിട്ടുള്ള വംശാവലിയാണ്:

"ആദാം ശേത്തിന്റെ പിതാവ്; ശേത്ത് യാനിശിന്റെ പിതാവ്; യാനിശ് കയിനാന്റെ പിതാവ്; കയിനാൻ മഹലീലിന്റെ പിതാവ്; മഹിലീൽ യാർദിന്റെ പിതാവ്; യാർദ് അഖ്നൂ

യാ'രൂബ് തേരഹിന്റെ പിതാവ്; തേരഹ് നാഹൂരിന്റെ പിതാവ്; നാഹൂർ മുഖവ്വമ്മിന്റെ പിതാവ്; മുഖവ്വം ഉദ്ദിന്റെ (ഉദ്ദാദ്?) പിതാവ്; ഉദ്ദ് അദ്നാന്റെ പിതാവ്; അദ്നാൻ മ'അദിന്റെ പിതാവ്; മ'അദ് നിസാറിന്റെ പിതാവ്; നിസാർ മുദരിന്റെ പിതാവ്; മുദർ ഇല്ലിയാസിന്റെ പിതാവ്; ഇല്ലിയാസ് മുദ്രിഖയുടെ പിതാവ്; മുദ്രിഖ ഖുസൈമയുടെ പിതാവ്; ഖുസൈമ കിനാനയുടെ പിതാവ്; കിനാന അൽ-നദറിന്റെ പിതാവ്; അൽ-നദർ മാലിഖിന്റെ പിതാവ്; മാലിഖ് ഫിഹ്റിന്റെ പിതാവ്; ഫിഹ്ർ ഘാലിബിന്റെ പിതാവ്; ഘാലിബ് ലുഅയ്യിന്റെ പിതാവ്; ലുഅയ്യ് ക'അബിന്റെ

**" അങ്ങനെ യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്നു പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി ഏറ്റു പറകയും ചെയ്യേണ്ടി വരും."** ( ഫിലിപ്പിയർ 2:10,11)

പിതാവ്; ക'അബ് മുറായുടെ പിതാവ്; മുറാ കിലാബിന്റെ പിതാവ്; കിലാബ് ഖുസൈയുടെ പിതാവ്; ഖുസൈ അബ്ദ് മനാഫിന്റെ പിതാവ്; അബ്ദ് മനാഫ് ഹാഷിമിന്റെ പിതാവ്; ഹാഷിം അബ്ദുൾ മുത്തലിബിന്റെ പിതാവ്; അബ്ദുൾ മുത്തലിബ് അബ്ദുള്ള യുടെ പിതാവ്; അബ്ദുള്ളാ മുഹമ്മദ് നബി(സ)യുടെ പിതാവ്."

ഈ വംശാവലിയിലെ പൊരുത്തക്കേടുകൾ ചർച്ച ചെയ്യുന്നതിനു മുമ്പെ ഇതിന്റെ ആധികാരികത എത്രമാത്രമെന്നു നാം അറിഞ്ഞിരിക്കണം. മുഹമ്മദ് ചെയ്ത കാര്യങ്ങൾ എല്ലാം അതേപടി വിവരിച്ചു വെച്ചിരിക്കുന്ന ഗ്രന്ഥമായതിനാൽ മുസ്ലീങ്ങൾ പൊതുവെ അംഗീകരിക്കാൻ വിമുഖത കാട്ടുന്ന ഒരു ഗ്രന്ഥമാണ് "സീറാ റസൂൽ അള്ളാ". ("സീക്കേഴ്സ് പാത്ത്"ന്റെ ആദ്യ രണ്ടു ലക്കങ്ങളിൽ സീറകളെക്കുറിച്ചും ഹദീസുകളെക്കുറിച്ചും എഴുതിയിരുന്നത് വായനക്കാർ ഓർക്കുന്നുണ്ടാകുമല്ലോ.) ദൃക്സാക്ഷികളിൽ നിന്നും അവരുടെ മക്കളിൽ നിന്നും ശിഷ്യന്മാരിൽ നിന്നും ലഭിച്ച വിവരങ്ങൾ എഴുതിവെച്ചയാളെ അംഗീകരിക്കാൻ വിസമ്മതിക്കുന്നവർ അതേ വ്യക്തി യാതൊരു ചരിത്രരേഖയുടെയും പിൻബലമില്ലാതെ എഴുതിയ സഹസ്രാബ്ദങ്ങൾക്കു മുമ്പുള്ള കാര്യങ്ങളെ നിർലജ്ജം അംഗീകരിക്കുന്നതിനെ ദയനീയം എന്നു എത്ര വിശേഷിപ്പിച്ചാലും മതിയാകയില്ല. എവിടെ നിന്നാണ് തനിക്കു ഈ വംശാവലി ലഭിച്ചതെന്നു ഇബ്നു ഇസ്ഹാഖ് രേഖപ്പെടുത്തിയിട്ടില്ല. "ക്രിസ്ത്യാനികളുടെ പ്രവാചകനു ഒരു വംശാവലി രേഖ ഉള്ളതു പോലെ തങ്ങളുടെ പ്രവാചകനും ഒരു വംശാവലി രേഖ ഉണ്ടാകണം" എന്ന ഇബ്നു ഇസ്ഹാഖിന്റെ അടങ്ങാത്ത ആഗ്രഹമായിരിക്കാം ഇങ്ങനെ ഒരു വംശാവലി രേഖ നിർമ്മിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. എന്തായാലും മുഹമ്മദിനു മുമ്പുള്ള അദ്ദേഹത്തിന്റെ പൂർവ്വികരാരും ഇപ്രകാരം വംശാവലി രേഖ എഴുതിവെച്ചതായി ചരിത്രത്തെളിവുകൾ ഇല്ലാതിരിക്കെ, A.D.700-നു ശേഷം രചിക്കപ്പെട്ട ഈ വംശാവലിക്കു യാതൊരു ആധികാരികതയുമില്ലെന്നു നമ്മൾ ആദ്യം തന്നെ അറിഞ്ഞിരിക്കണം!

ഈ വംശാവലിയിൽ ആകെ അമ്പതു അംഗങ്ങൾ മാത്രമേയുള്ളൂ എന്ന കാര്യം മറക്കരുത്. മുഹമ്മദിനും 570 വർഷം മുമ്പ് ജനിച്ച യേശുക്രിസ്തുവിന്റെ വംശാവലി പരിശോധിച്ചാൽ അതിൽ ആദാം മുതൽ യേശുക്രിസ്തു വരെ എഴുപത്തേഴ് തലമുറകളെ കാണാൻ കഴിയും!! എന്നിട്ടും യേശുക്രിസ്തുവിനും അര സഹസ്രാബ്ദം കഴിഞ്ഞു വന്ന മുഹമ്മദും ആദാമും തമ്മിൽ നാല്പത്തൊമ്പത് തലമുറകളുടെ മാത്രം അകലമേയുള്ളു എന്നോ?! ഇതു മനുഷ്യന്റെ യുക്തിബോധത്തിനു നേരെ പല്ലിളിച്ചു കാട്ടുന്ന പരിപാടിയാണ്.

ആദ്യമനുഷ്യനും മുഹമ്മദും തമ്മിൽ 49 തലമുറകളുടെ അകലം മാത്രമേയുള്ളുവെങ്കിൽ ആദാം ജീവിച്ചിരുന്ന കാലം എപ്പോഴായിരുന്നു? ആദ്യ കാലത്തു ദീർഘായുസ്സുണ്ടായിരുന്ന മനുഷ്യൻ അടുത്ത തലമുറയെ ജനി



പ്പിച്ചിരുന്നത് നൂറു വയസ്സിനു ശേഷമായിരുന്നു. എന്നാൽ, ഇത് ആദ്യത്തെ ചില തലമുറകളിൽ മാത്രമായിരുന്നു. ജലപ്രളയത്തിനു ശേഷമുള്ള കാലം മുതൽ മുപ്പതു വയസ്സൊക്കെ ആകുമ്പോഴേക്കും അടുത്ത തലമുറകൾ ഉണ്ടാകാൻ തുടങ്ങിയിരുന്നു. എങ്കിലും ആദ്യകാലങ്ങളിലെ ദീർഘവർഷങ്ങൾ കൂടി കണക്കിലെടുത്ത് ശരാശരി അമ്പതു വയസ്സാകുമ്പോഴേക്കും അടുത്ത തലമുറ ഉണ്ടായി എന്നു കണക്കാക്കിയാൽ 49x50=2450 എന്നു കിട്ടും. അതായത് മുഹമ്മദിനെക്കാളും 2450 വർഷങ്ങൾക്കു മുമ്പാണ് ആദാം ജീവിച്ചിരുന്നതത്രെ. കൃത്യമായി പറഞ്ഞാൽ B.C.1880-ൽ!!! ലഭ്യമായ ചരിത്ര വിവരങ്ങൾ അനുസരിച്ചു അതിനെക്കാളും നൂറ്റമ്പതു വർഷം മുമ്പാണ് അബ്രഹാമും ഇയ്യോബും ജീവിച്ചിരുന്നത്!!! ഈ കണക്കു പ്രകാരം ആദാമിനെക്കാളും മൂത്തവരാണ് അബ്രഹാമും നോഹയും ഹാനോക്കും എല്ലാം.......

ഇനി ഈ രണ്ടു വംശാവലികളും തമ്മിലുള്ള പൊരുത്തക്കേടുകൾ നമുക്കു പരിശോധനാ വിധേയമാക്കാം.

രണ്ടു വംശാവലികളിലും അദ്നാൻ മുതൽ മുഹമ്മദ് വരെയുള്ള തലമുറകളുടെ എണ്ണം കൃത്യമാണ്. ആകെ ഒരു വ്യത്യാസം കാണുന്നത് സയ്ദ് യൂസഫിന്റെ വംശാവലിയിൽ കാണപ്പെടുന്ന ഖുറയ്ഷ് എന്ന നാമം ഇബ്നു ഹിശാമിന്റെ വംശാവലിയിൽ ഫിഹ്റ് എന്നാണ് കാണപ്പെടുന്നത് എന്നുള്ളത് മാത്രമാണ്. അതൊരു വലിയ വ്യത്യാസമായി പരിഗണിക്കേണ്ടതില്ല. ഖുറയ്ഷിനു ഫിഹ്റ് എന്ന അപരനാമം ഉണ്ടായിരുന്നുവെന്നു വേണമെങ്കിൽ ചിന്തിക്കാവുന്നതെയുള്ളു.

എന്നാൽ ഒരു വലിയ പ്രശ്നം കിടക്കുന്നത് എന്താണെന്നു വെച്ചാൽ, അബ്രഹാം മുതൽ അദ്നാൻ വരെയുള്ള തലമുറകളിൽ വന്നിട്ടുള്ള വ്യത്യാസമാണ്. സയ്ദ് യൂസഫ് നല്കുന്ന രേഖയനുസരിച്ച് അബ്രഹാമിനും അദ്നാനും ഇടയിലുള്ളത് മൂന്നു തലമുറകളാണ്. എന്നാൽ, ഇബ്നു ഹിശാം നല്കുന്ന വംശാവലി രേഖയിൽ അത് ഒമ്പതു തലമുറകളാണ്!! എന്തുകൊണ്ട് ഈ വ്യത്യാസം വന്നുവെന്നു ചോദിച്ചാൽ ആർക്കും ഉത്തരമില്ല. ഒട്ടും ആധികാരികതയില്ലാത്ത ഒരു വംശാവലി രേഖയാണ് അവർ മുഹമ്മദിന്റേതായി അവതരിപ്പിക്കുന്നത്. അതാണെങ്കിൽ ഇപ്രകാരം ആളുകളുടെ എണ്ണത്തിൽ അവിശ്വസനീ

തനിക്കു രക്തബന്ധമുണ്ടെന്നു വാദിച്ചാൽ അന്നു മദീനയിലും പരിസരപ്രദേശങ്ങളിലും വസിച്ചിരുന്ന യഹൂദന്മാരുടെയും അബിസീനിയയിലെ ക്രിസ്ത്യാനികളുടെയും പിന്തുണ തനിക്കു ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നു ക്രാന്തദർശിയായ മുഹമ്മദ് ഊഹിച്ചു. അബിസീനിയയിലെ രാജാവിന്റെ പിന്തുണ മുഹമ്മദിനു ലഭിച്ചിരുന്നെങ്കിലും യഹൂദന്മാർ വംശാവലി രേഖയുടെ പിൻബലമില്ലാതെയുള്ള മുഹമ്മദിന്റെ ഈ അവകാശവാദത്തെ തെല്ലും വില വെച്ചിരുന്നില്ല. അവർക്കു മുഹമ്മദ് ഒരു സാധാരണ അറബി മാത്രമായിരുന്നു. അവർ മുഹമ്മദിനെ ഒരു പ്രവാചകനായി ഒരിക്കലും അംഗീകരിച്ചിരുന്നില്ല. ബനൂ ഖുറൈദ എന്ന അറേബ്യൻ-യഹൂദാ ഗോത്രത്തിലെ പുരുഷ പ്രജകളെ മുഴുവൻ മുഹമ്മദ് കൊന്നുകളഞ്ഞ സംഭവം സീറാ റസൂൽ അള്ളായിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുഹമ്മദിന്റെ പ്രവാചകത്വം അംഗീകരിക്കുകയാണെങ്കിൽ അവരെ വെറുതെ വിടാം എന്നു ഒരു വാഗ്ദാനം നല്കപ്പെട്ടുവെങ്കിലും രണ്ടു മൂന്നു പേർ മാത്രമാണ് ആ "ഓഫർ" സ്വീകരിച്ചു തങ്ങളുടെ പ്രാണനെ രക്ഷിക്കാൻ തുനിഞ്ഞത്. ബാക്കി 700-ലധികം വരുന്ന ബനൂ ഖുറൈദയിലെ പുരുഷന്മാർ " മുഹമ്മദിനെ പ്രവാചകനായും അല്ലാഹുവിനെ ദൈവമായും അംഗീകരിക്കുന്നതിനെക്കാൾ തങ്ങളുടെ ദൈവമായ യഹോവയിൽ വിശ്വാസമർപ്പിച്ച് ജീവൻ ത്യജിക്കുന്നതാണ്

യമായ വിധത്തിൽ വ്യത്യാസങ്ങളുള്ളതും!

തന്നെക്കാൾ 2000 വർഷം മുമ്പ് ജീവിച്ചിരുന്ന ഒരാളുമായി രക്തബന്ധമുണ്ടെന്നു ഇന്നൊരാൾ അവകാശപ്പെടുകയാണെങ്കിൽ അത് സ്ഥാപിക്കാൻ അയാൾ തെളിവുകൾ നല്കേണ്ടതുണ്ട്. അത് നല്കാത്തിടത്തോളം കാലം അയാളുടെ അവകാശവാദത്തിനു യാതൊരു വിലയും ഉണ്ടാകുകയില്ല. മുഹമ്മദിന്റെ കാര്യത്തിലാണെങ്കിൽ ഇശ്മായേലും മുഹമ്മദും തമ്മിൽ 2500 ലധികം വർഷങ്ങളുടെ വ്യത്യാസമാണുള്ളത്. ഇശ്മായേലുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധം ഉണ്ടെന്നു തെളിയിക്കാനാവശ്യമായ യാതൊരു രേഖയും അവകാശവാദം ഉന്നയിക്കുന്നവരുടെ കൈവശമില്ല.

**സയ്ദ് യൂസഫ് നല്കുന്ന രേഖയനുസരിച്ച് അബ്രഹാമിനും അദ്നാനും ഇടയിലുള്ളത് മൂന്നു തലമുറകളാണ്. എന്നാൽ, ഇബ്നു ഹിശാം നല്കുന്ന വംശാവലി രേഖയിൽ അത് ഒമ്പതു തലമുറകളാണ്!! എന്തുകൊണ്ട് ഈ വ്യത്യാസം വന്നുവെന്നു ചോദിച്ചാൽ ആർക്കും ഉത്തരമില്ല. ഒട്ടും ആധികാരികതയില്ലാത്ത ഒരു വംശാവലി രേഖയാണ് അവർ മുഹമ്മദിന്റേതായി അവതരിപ്പിക്കുന്നത്.**

തന്റെ പ്രവാചകത്വാവകാശത്തിനു പിൻബലം നല്കാൻ വേണ്ടിയാണ് മുഹമ്മദ് അബ്രഹാമുമായി തനിക്കു രക്തബന്ധമുണ്ടെന്നു പ്രസ്താവിച്ചത്. കാരണം, ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം മാത്രമാണ് സത്യദൈവമെന്നും ആ ദൈവം മനുഷ്യരാശിക്കു നല്കിയ സന്ദേശമാണ് ബൈബിൾ എന്നും മുഹമ്മദിനു അറിയാവുന്നതാണ്. അപ്പോൾ ആ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന രണ്ടു പ്രധാന ജനവിഭാഗങ്ങളായ യഹൂദന്മാരുടെയും ക്രിസ്ത്യാനികളുടെയും പിതാവെന്നു വിളിക്കുന്ന അബ്രഹാമുമായി

> **"വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്; ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു."**
>
> (എഫെസ്യർ 5:6)

ഉത്തമമായ മാർഗ്ഗം" എന്നു തീരുമാനിച്ചു മരുഭൂമിയിലെ കൊലക്കളത്തിലേക്കു അതിധൈര്യത്തോടെ നടന്നു നീങ്ങിയവരാണ്! ജീവൻ പോയാലും മുഹമ്മദിനെ പ്രവാചകനായി അംഗീകരിക്കുകയില്ല എന്നു യഹൂദൻമാർ തീരുമാനിച്ചതു കൊണ്ടായിരിക്കണം മുഹമ്മദ് ഇപ്രകാരം പറഞ്ഞത്:

"ജാബിർ ഇബ്നു അബ്ദുല്ലാ നിവേദനം: ഉമർ എന്നോടു പറഞ്ഞു: നകി പറയുന്നത് അദ്ദേഹം കേൾക്കുകയുണ്ടായി: തീർച്ചയായും അറേബ്യൻ ഉപദ്വീപിൽ നിന്നു ജൂതരേയും ക്രൈസ്തവരേയും ഞാൻ നാടുകടത്തുക തന്നെ ചെയ്യും. മുസ്ലീമിനെയല്ലാതെ അവിടെ താമസിക്കാൻ വിടുകയില്ല." (സ്വഹീഹ് മുസ്ലീം, വാല്യം 2, ഭാഗം 32, ഹദീസ് നമ്പർ 63).

ഇസ്ലാം രൂപം കൊള്ളുന്നതിനു മുമ്പുള്ള കാലത്ത് അറേബ്യൻ ഉപദ്വീപിൽ ജൂതരും ക്രൈസ്തവരും ബഹുദൈവാരാധകരും നൂറ്റാണ്ടുകളായി സമാധാനത്തോടെ സഹവർത്തിച്ചിരുന്നു എന്ന് ചരിത്രരേഖകൾ പരിശോധിച്ചാൽ നമുക്കു കാണാൻ കഴിയും. എന്നാൽ, വെറുപ്പിന്റെ വിദ്വേഷ വചനങ്ങൾ മുഹമ്മദ് പറഞ്ഞതിനു ശേഷം ഇന്നുവരെ അറേബ്യൻ ഉപദ്വീപിൽ അന്യമതസ്ഥർ നരകയാതന അനുഭവിക്കുകയാണ്. മാത്രമല്ല, യഹൂദ ജാതി അതിനു ശേഷം ഇസ്ലാമിന്റെ പ്രഖ്യാപിത ശത്രുക്കളുമാണ്! എല്ലാം മുഹമ്മദിനെ പ്രവാചകനായി അംഗീകരിക്കാൻ യഹൂദർ തയ്യാറാകാതിരുന്നതിന്റെ അനന്തര ഫലം!!

ഈ പരിതഃസ്ഥിതിയിൽ മുഹമ്മദിനു അബ്രഹാമുമായി ബന്ധമുണ്ടെന്നു സ്ഥാപിക്കേണ്ടതിനു വേണ്ടിയാണ് പില്ക്കാലത്ത് ഇബ്നു ഇസ്ഹാക്ക് ഇങ്ങനെയൊരു വംശാവലി നിർമ്മിച്ചത് എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. എന്നാൽ, ഈ ആധുനിക കാലത്ത് ആ വംശാവലി വ്യാജമാണ് എന്നു തെളിയിക്കാൻ ഏതൊരാൾക്കും കഴിയും. മുഹമ്മദിന്റെ വംശാവലിയിലെ പോരായ്മകളെക്കുറിച്ച് ഉയരുന്ന ചോദ്യങ്ങൾക്കു ഉത്തരം പറയാൻ സാദ്ധ്യമല്ലാത്ത വിധം അത് കുഴപ്പം പിടിച്ചതാണ്. എന്നിട്ടും ഇസ്മായേലിന്റെ സന്തതി പരമ്പരയിൽപ്പെട്ടതാണ് തങ്ങളുടെ പ്രവാചകനായ മുഹമ്മദ് എന്നും യേശുക്രിസ്തവിന്റെ വംശാവലിയാണെങ്കിൽ വിശ്വസിക്കാൻ കൊള്ളാത്ത വിധം വൈരുദ്ധ്യം നിറഞ്ഞതാണെന്നും ദാവാപ്രവർത്തകർ നിങ്ങളോടു പറയും! കാരണം, അവർ അങ്ങനെ പറയാൻ പരിശീലിപ്പിക്കപ്പെട്ടവരാണ്.

സത്യം എന്താണെന്നു അന്വേഷിച്ചറിഞ്ഞു അത് മനസ്സിലാക്കാനല്ല, സത്യത്തിനു നേരെ അസത്യം പ്രചരിപ്പിക്കാനാണ് ദൈവനിഷേധികളായ മനുഷ്യരെ സാത്താൻ പ്രേരിപ്പിക്കുന്നത്. എന്തെന്നാൽ, അവർ സത്യം അറിഞ്ഞാൽ സത്യം അവരെ അടിമത്തത്തിൽ നിന്നും സ്വതന്ത്രരാക്കും എന്ന യാഥാർത്ഥ്യം അവനു നല്ലതുപോലെ അറിയാം. നാം അതു മനസ്സിലാക്കി സാത്താന്റെ ഈ വിധമായ കള്ളപ്രചരണങ്ങൾക്കെതിരെ ബോധവാന്മാരായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അവന്റെ കയ്യിലെ കളിപ്പാവകളായി മാറി സത്യത്തിനു നേരെ പ്രചരണം നടത്തുന്നവർ മാനസാന്തരപ്പെട്ടു ദൈവത്തി

ശേഷം 39ാം പേജിൽ

പത്തനംതിട്ടയിലെ വിശ്വാസസമൂഹത്തിൽ നിന്നും വഴിമാറി മുസ്ലീമായിത്തീർന്ന വ്യക്തിയാണു മുഹമ്മദ് ഈസാ. ഇപ്പോൾ പെരുമ്പാവൂരിൽ താമസിച്ച് ഇസ്ലാംമത പ്രചരണം നടത്തുകയും നിച്ച് ഓഫ് ട്രൂത്ത് എന്ന ഇസ്ലാംമത പ്രബോധന സംഘടനയുടെ എഴുത്തുകാരനും സജീവ അംഗവുമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ക്രിസ്തീയ കാഴ്ചപ്പാടുകളെ (വിശേഷാൽ പൗലോസിന്റെ ക്രിസ്തീയ കാഴ്ചപ്പാടുകളെ) ചോദ്യം ചെയ്തുകൊണ്ട് അദ്ദേഹമെഴുതിയ പുസ്തകമാണ്, “യേശുമശിഹാ ഏതു പക്ഷത്ത്?” എന്നത്. ഈ തുടർലേഖനത്തിലെ ശീർഷകവും ഉപശീർഷകവും പ്രസ്തുത പുസ്തകത്തിൽ നിന്നും ഉദ്ധരിച്ചിട്ടുള്ളവയാണ്. ഈസാക്കുള്ള മറുപടി തുടരുന്നു...)

**യേശുമിശിഹ ഏതു പക്ഷത്ത്? 7**

**അസ്ലൻ ബർക്കർ**

# ദൈവത്തിന്റെ യിസ്രായേൽ

## അഥവാ

## പൗലോസിന്റെ വിജാതീയ അഗ്രചർമ്മി മതം.

പൗലോസിനും അവന്റെ ഉപദേശത്തിനും യേശുവുമായിട്ടോ, യേശു സുവിശേഷം പഠിപ്പിച്ചയച്ച ശിഷ്യന്മാരുമായിട്ടോ പുലബന്ധം പോലുമില്ല. ക്രിസ്തുവിന്റെ ജീവിതകാലത്ത് ശത്രുവായിരുന്നവനും പിന്നീട് കാപട്യം കാണിച്ചു കൂടെ കൂടിയവനും, പിന്നെ ക്രിസ്തുമാർഗ്ഗികളായ ശിഷ്യരെ ശപിക്കുകയും പുറത്താക്കാൻ പ്രവർത്തിക്കുകയും ചെയ്ത വ്യക്തിയാണ് ഇന്നത്തെ ക്രിസ്തുമതത്തിന്റെ അടിസ്ഥാനവും വിശുദ്ധനുമായി കൊണ്ടു നടക്കുന്ന സെന്റ് പോൾ. (യേശുമശിഹാ ഏതു പക്ഷത്ത്? പേജ് 42).

മേൽ പറഞ്ഞ ആരോപണങ്ങൾക്കു മുൻ ലക്കങ്ങളിൽ മറുപടി നല്കിയിരുന്നല്ലോ. എങ്കിലും ഒരല്പം കൂടെ.. പൗലോസിനും അവന്റെ ഉപദേശത്തിനും യേശുവുമായി പുലബന്ധം പോലുമില്ല എന്ന കഴമ്പില്ലായ്മയുടെ യാഥാർത്ഥ്യം ക്രൈസ്തവരായ വായനക്കാർക്ക് അറിയാവുന്നതാണെങ്കിലും യേശുവിന്റെയും പൗലോസിന്റെയും പഠിപ്പിക്കലുകളെ താരതമ്യം ചെയ്യുന്നത് ഈ വിഷയത്തിനു കൂടുതൽ വ്യക്തത നല്കുമെന്നതിനാൽ ചില വിഷയങ്ങൾ ഇവിടെ പരാമർശിക്കാൻ താല്പര്യപ്പെടുന്നു.

**1 യേശു സ്ത്രീയുടെ സന്തതിയായി ജനിച്ചവൻ.** ഗലാത്യർ 4:4.

മത്തായി എഴുതിയ സുവിശേഷത്തിലും ലൂക്കോസിന്റെ സുവിശേഷത്തിലും

> **“ജീവനെ ആഗ്രഹിക്കയും ശുഭകാലം കാണ്മാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ.”** (1 പത്രോസ് 3:10)

ഇതു തന്നെയാണല്ലോ പറയുന്നത്. മത്തായി 1:19–23, ലൂക്കോസ് 1:30,31, ദൂതൻ മറിയയ്ക്ക് പ്രത്യക്ഷനായി അരുളിച്ചെയ്തത് യെശയ്യാവിന്റെ പുസ്തകത്തിലെ 7:14, 9:6 എന്നീ വാക്യങ്ങളിലെ പ്രവചന നിവർത്തിയാണെന്നു മത്തായിയും വചനം ജഢമായി തീർന്നുവെന്ന സത്യം യോഹന്നാനും രേഖപ്പെടുത്തിയിരിക്കുന്നതു പൗലോസിന്റെ വാദഗതിക്കെതിരാണെന്നു ഈസ പറയുന്നെങ്കിൽ അത് വിവരക്കേടു തന്നെയല്ലേ?

**2 ദാവീദിന്റെ സന്തതിയാണ് ക്രിസ്തു.** (2 തിമൊഥെയോസ് 2:8)

വംശാവലി രേഖയിൽ ദാവീദിന്റെ സന്തതിയായിട്ടു തന്നെയാണ് മത്തായി യേശുവിനെ പരിചയപ്പെടുത്തുന്നത്. കൂടാതെ തന്റെ സുവിശേഷത്തിൽ നിരവധി തവണ പലരും യേശുവിനെ ദാവീദു പുത്രനെന്നു അഭിസംബോധന ചെയ്യുന്നതു മത്തായി രേഖപ്പെടുത്തിയിരിക്കുന്നതും കാണാവുന്നതാണ്. ഉദാ: മത്തായി 9:27; 12:23; 21:15; 22:42 മുതലായവ. മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരുടെ സുവിശേഷങ്ങളിലും യേശുവിനെ നിരവധി തവണ ദാവീദു പുത്രനെന്നു വിളിച്ചിട്ടുള്ളതായി എഴുതിയിരിക്കുന്നു. യോഹന്നാനെഴുതിയ വെളിപ്പാടു പുസ്തകത്തിലും യേശുവിനെ ദാവീദുപുത്രനായിത്തന്നെ ചിത്രീകരിച്ചിട്ടുണ്ട് (5:5; 22:16 തുടങ്ങിയ വാക്യങ്ങൾ). ഇനി, ഈസായുടെ ഭാഷയിൽ ക്രിസ്തു നേരിട്ടു തിരഞ്ഞെടുത്ത ശിഷ്യനായ പത്രോസും ക്രിസ്തുവിനെ ദാവീദിന്റെ പിന്തുടർച്ചാവകാശിയായി (ദാവീദു പുത്രനായി)ത്തന്നെയാണ് തന്റെ പ്രസംഗത്തിലൂടെ വെളിവാക്കിയത്. (അപ്പസ്തോല പ്രവൃത്തികൾ 2:29–32).

**3 യേശു മനുഷ്യപുത്രനാണ്.** 1 തിമൊഥെയോസ് 2:5.

യേശു തന്നെക്കുറിച്ചു തന്നെ പറഞ്ഞിട്ടുള്ളതാണിക്കാര്യം. (മത്തായി 17:9, 22; 25:31; 26:24; മർക്കോസ് 2:28; യോഹന്നാൻ 5:27; 8:40 തുടങ്ങി നിരവധി വാക്യങ്ങൾ).

**4 യേശു ദൈവപുത്രനാണ്.** അപ്പസ്തോല പ്രവൃത്തികൾ 9:20.

യേശു തന്നെ അവകാശപ്പെട്ടിട്ടുള്ളതാണ് ദൈവപുത്രനാണെന്നത്. തന്റെ പുത്രനാണ് യേശു എന്നു പിതാവായ ദൈവവും അംഗീകരിച്ചിട്ടുള്ളതാണ്. (മത്തായി 3:17; 17:5) ഗബ്രിയേലും (ലൂക്കോസ് 1:35) പത്രോസും (മത്തായി 16:15– 17) നഥനയേൽ (യോഹന്നാൻ 1:49) തുടങ്ങി പലരും യേശുവിനെ ദൈവപുത്രൻ ആണെന്നംഗീകരിച്ചു ഏറ്റു പറയുന്നത് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അശുദ്ധാത്മാക്കൾക്കു പോലും യേശു ദൈവപുത്രനാണെന്ന സത്യം തിരിച്ചറിയാമായിരുന്നു (മർക്കോസ് 3:11).

**5 യേശുക്രിസ്തു കർത്താവ്.**1 കൊരിന്ത്യർ 8:6.

താൻ കർത്താവാണെന്നതു യേശുവും സമ്മതിക്കുന്നു (യോഹന്നാൻ 13:13; മത്തായി 12;8; മർക്കോസ്2:28). ദാവീദ് യേശുവിനെ കർത്താവ് എന്നു പറഞ്ഞതായി യേശു തന്നെ വെളിപ്പെടുത്തി (മർക്കോസ് 12:36). പത്രോസ്

പെന്തക്കൊസ്ത് നാളിലെ തന്റെ പ്രഥമ പ്രസംഗത്തിൽ യേശു കർത്താവാണെന്ന സത്യം വിളിച്ചു പറയുന്നുണ്ട് (അപ്പസ്തോല പ്രവൃത്തികൾ 2:36). കൂടാതെ കുരുടർ, ശിഷ്യനായ തോമസ്, പത്രോസ് തുടങ്ങി പലരും യേശുവിനെ കർത്താവാണെന്നു ഏറ്റു പറയുന്നതും ബൈബിളിൽ കാണാനാകും.

**6 യേശു ദൈവമാണ്.** റോമർ 9:5.

യോഹന്നാൻ വെളിപ്പെടുത്തുന്നു. (യോഹന്നാൻ 1:2) 1 യോഹന്നാൻ 5:20 ദൈവമായിത്തന്നെ ചിത്രീകരിച്ചിരിക്കുന്നു. ദൈവം സ്വന്തം പിതാവെന്നു പറഞ്ഞുവെന്നു യഹൂദന്മാർ. (യോഹന്നാൻ 5:18). (പിതാവു ദൈവമെങ്കിൽ പുത്രൻ ദൈവം തന്നെയാണെന്നു അവർ ഗ്രഹിച്ചു) ദൈവത്തോടു സമനാക്കിയെന്നു പരാതി. (യോഹന്നാൻ 5:18) (എന്നുവെച്ചാൽ, ദൈവമാണെന്നു യേശു അവകാശപ്പെട്ടു എന്നർത്ഥം,) യോഹന്നാൻ 20: 28,29 വാക്യങ്ങളിൽ യേശു ശിഷ്യനായ തോമസ് യേശുവിനെ ദൈവമെന്നു വിളിക്കുന്നുണ്ട്.

**7 യേശു മിശിഹാ ആണ്.** അപ്പസ്തോല പ്രവൃത്തികൾ 18:5.

യോഹന്നാൻ 4:26 യേശു സ്പഷ്ടമാക്കുന്ന വസ്തുതയാണിത്.

**8 യേശു രക്ഷകനാണ്.** 1 തിമൊഥെയോസ് 1:15.

യേശു പറഞ്ഞിട്ടുള്ള കാര്യമാണിത്. (യോഹന്നാൻ 3;17). പത്രോസ് വിളിച്ചു പറയുന്നു: "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല". (അപ്പസ്തോല പ്രവൃത്തികൾ4:9–12).

**9. യേശുവിനെ ക്രൂശിച്ചു.** 1 കൊരിന്ത്യർ 1:23.

തന്റെ മരണത്തെക്കുറിച്ച് യേശുതന്നെ പലതവണ പറഞ്ഞിട്ടുണ്ട്. (മത്തായി 26:1,21,24; മർക്കോസ് 8:31;9:31;10:33,45;14:21; ലൂക്കോസ് 9:22,31.44; 18:31–33;22:22; യോഹന്നാൻ 12:33; 13:19; 18:32 തുടങ്ങി അനേക വാക്യങ്ങൾ).

യേശുവിനെ ക്രൂശിച്ചുവെന്നു സുവിശേഷകരും സാക്ഷികളും പറയുന്നു. (മത്തായി 27:22,51; മർക്കോസ് 15;27,37; ലൂക്കോസ് 23:39, 46; 23:54; യോഹന്നാൻ 19:18,30,33; അപ്പസ്തോല പ്രവൃത്തികൾ 2:36; 3:14,15; 4:10; 5:30 തുടങ്ങി നിരവധി വാക്യങ്ങൾ). ഇത്രയേറെ വാക്യങ്ങളും ദൃക്സാക്ഷികളും സമകാലീനരും തെളിവായി നില്ക്കേ യേശുവിനെ ക്രൂശിച്ചില്ലെന്നു പറയുന്ന ദാവാ പ്രഭാഷകരുടെ വിവരമില്ലായ്മയെ എന്താണ് വിളിക്കേണ്ടത്?

**10 യേശു മരിച്ചു.** 2 തിമൊഥെയോസ് 2:8.

യേശു മരിച്ചു എന്നു സുവിശേഷ കർത്താക്കളും ദൃക്സാക്ഷികളും ഭരണാധികാരികളും ശതാധിപന്മാരും സമകാലീനരും സമ്മതിച്ചിട്ടുള്ള വസ്തുതയാണ്. നേരിൽ കണ്ടു ബോദ്ധ്യം വന്ന വ്യക്തികളുടെ സാ

**ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നു; യേശുവും ശിഷ്യന്മാരും പറഞ്ഞതും പ്രചരിപ്പിച്ചതുമായ സുവിശേഷ സത്യങ്ങൾക്കു വിരുദ്ധമല്ല പൗലോസ് പ്രചരിപ്പിച്ച വസ്തുതകൾ എന്ന്. അഥവാ, അവ പരസ്പര പൂരകങ്ങളായിരുന്നു എന്നു വ്യക്തം.**

**"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാളിൽ കുറ്റമില്ലാത്തവരായിരിക്കേണ്ടതിനു അവൻ നിങ്ങളെ അവസാനത്തോളം ഉറപ്പിക്കും. തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ."**

(1 കൊരിന്ത്യർ 1:8,9).

ക്ഷ്യം പോലും അവിശ്വസിക്കുന്നവരോട് എന്തു പറയാൻ? എങ്കിലും സത്യാന്വേഷികൾക്കായി ചില വാക്യങ്ങളുടെ റഫറൻസു നല്കുന്നു. (മത്തായി 27:50; 28:5; മർക്കോസ് 15:37,44,45; 16:6; ലൂക്കോസ് 23:46, 24:7, 20;24:46; യോഹന്നാൻ 19:30,31; 20:9; 21:14; അപ്പസ്തോല പ്രവൃത്തികൾ 2:23,36;4:10; 5:30; 10:39; 1 പത്രോസ് 1:3,21;2:24; വെളിപ്പാട് 1:18; 2:8; 11:8 ).

**11 യേശുവിന്റെ ഉയർത്തെഴുന്നേല്പ്.**
2 തിമൊഥെയോസ് 2:8.

താൻ ഉയർത്തെഴുന്നേല്ക്കുമെന്ന് യേശു മുൻകൂട്ടിപ്പറഞ്ഞിരുന്നു. (മത്തായി 17:9; 20:18; 26:32; 27:63; മർക്കോസ് 8:31;9:31;10:34;14:28; ലൂക്കോസ് 9:22;18:33;24:7,46). ഉയർത്തെഴുന്നേറ്റ വിവരം നാലു സുവിശേഷകരും പത്രോസ് തുടങ്ങിയ ശിഷ്യന്മാരും ദൈവദൂതനും മറിയയും കൂടയെയുണ്ടായിരുന്ന സ്ത്രീകളും പറയുന്നത് ബൈബിൾ രേഖയാക്കിയിട്ടുണ്ട്. കൂടാതെ താൻ ഉയർത്തുവെന്ന് തന്നെത്തന്നെ വെളിപ്പെടുത്തി മൊഴിയുന്നതും നാം വായിക്കുന്നുവല്ലോ. ചില വാക്യങ്ങൾ ശ്രദ്ധിക്കുക. മത്തായി 27:53; 28:5; മർക്കോസ് 16:9,13,14; 16:6,12,13; ലൂക്കോസ് 24:6,15,34; യോഹന്നാൻ 2::22,21:14; അപ്പസ്തോല പ്രവൃത്തികൾ 2:24,32; 5:30 തുടങ്ങി ധാരാളം വാക്യങ്ങൾ.

ഇതിനു പുറമെ പഴയനിയമപുസ്തകങ്ങളിലും യേശുക്രിസ്തുവിന്റെ ജീവിതത്തെയും മരണത്തെയും ഉത്ഥാനത്തെയും കുറിച്ചു പ്രവചിച്ചിട്ടുള്ളതും നമുക്കറിയാവുന്നതാണല്ലോ. ലൂക്കോ.24:44-46 യേശു ഇക്കാര്യം ഉറപ്പിക്കുന്നുമുണ്ട്. ഇവയ്ക്കു പുറമെ പൗലോസിന്റെ എഴുത്തുകളിലുള്ള എല്ലാ വിഷയങ്ങളും താരതമ്യം ചെയ്യുന്ന പക്ഷം യേശുവും ശിഷ്യന്മാരും പറഞ്ഞ വസ്തുതകളല്ലാതെ പൗലോസ് സ്വന്തമായി ഒന്നും കൂട്ടിച്ചേർത്തിട്ടില്ലെന്നത് ബോദ്ധ്യമാകും. ആവശ്യമാകുന്ന പക്ഷം നമുക്കവയും പരിശോധിക്കാവുന്നതാണ്. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നു; യേശുവും ശിഷ്യന്മാരും പറഞ്ഞതും പ്രചരിപ്പിച്ചതുമായ സുവിശേഷ സത്യങ്ങൾക്കു വിരുദ്ധമല്ല പൗലോസ് പ്രചരിപ്പിച്ച വസ്തുതകൾ എന്ന്. അഥവാ, അവ പരസ്പര പൂരകങ്ങളായിരുന്നു എന്നു വ്യക്തം. പൗലോസിനും അവന്റെ ഉപദേശത്തിനും യേശുവുമായി പുലബന്ധം പോലുമില്ല എന്ന ഈസായുടെ വാദം എത്ര ബാലിശമാണെന്നു ബോദ്ധ്യമാകുന്നുവല്ലോ. പൗലോസിനെ അവഹേളിക്കുന്ന ഈസാ സത്യത്തിനു നേരെയാണ് ഉതയ്ക്കുന്നത്.

(തുടരും......)

**"സീക്കേഴ്സ് പാത്ത്"** മാസിക **വാർഷിക വരിസംഖ്യ രൂ: 150. ഒറ്റപ്രതി രൂ: 15.**

**മാസികയുടെ ഉള്ളടക്കത്തെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുവാൻ നിങ്ങളുടെ സഹായസഹകരണങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു.**

**"യഹോവാഭക്തി നിർമ്മലമായത്; അത് എന്നേക്കും നിലനില്ക്കുന്നു; യഹോവയുടെ വിധികൾ സത്യമായവ; അവ ഒട്ടൊഴിയാതെ നീതിയുള്ളവയാകുന്നു."** (സങ്കീർത്തനങ്ങൾ 19:9)

# ചാവുകടൽ തീരത്തിൽ ഒരു നിമിഷം

**കെ. ഒ. തോമസ്.**

പഴകിപ്പതിഞ്ഞ ഏതാനും വിമർശനങ്ങൾ കൊണ്ടു ബൈബിളിന്റെ നിസ്തുല്യതയെ വകവരുത്താമെന്ന് കരുതി ചിലർ പൊരുതിയത് കാണുമ്പോൾ ചാവുകടൽ തീരത്തെ വൃക്ഷഫലം ഓർത്തു പോയി. അത് പൊട്ടിച്ചു നോക്കിയാൽ അല്പം ഗ്യാസ് മാത്രമാണ് കാണുക. ഭക്ഷ്യയോഗ്യമായവ ദുർലഭം. ബൈബിളിലെ പ്രവാചക ഗ്രന്ഥങ്ങൾക്ക് നേരെ വിമർശനം അഴിച്ചുവിട്ടത് കണ്ടപ്പോഴാണ് ഈ ചിത്രം മനസ്സിൽ ഓടിവന്നത്. യെശയ്യാവിന്റെ പുസ്തകത്തിനു നേരെ നൂറ്റാണ്ടുകൾക്ക് മുമ്പ് ചില നിരൂപണങ്ങൾ കയറിവന്നു. അവ ഇന്നിന്റെ സംഭാവനയല്ല.

യെശയ്യാ പ്രവചനത്തിന്റെ ഗ്രന്ഥകർത്തൃത്വം ചോദ്യം ചെയ്ത പ്രഥമ പണ്ഡിതൻ എ ഡി 12-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അബ്രഹാം ഇബൻ എസ്രയാണ്. (1089-1164) അദ്ദേഹമാണ് യെശയ്യാ പ്രഥമൻ (Proto Isaiah-Isaiah First), യെശയ്യാ ദ്വിതീയൻ (Deutero Isaiah-Second Isaiah) എന്നീ ചിന്ത ജനശ്രദ്ധയിലെത്തിച്ചത്. പിന്നീട് ഐഖോനും (1783), ഡോഡർലൈനും (1789),



എസ്സ് ആർ ഡ്രൈവറും (1888-90), ജോർജ് സ്മിത്തും (1892), ടി കെ പെയ്നും, സ്കിന്നറും, ജി വാഡെയും, ജെ സി ഡോഡർലൈനും രംഗത്ത് വന്നു. യെശയ്യാ തൃതീയൻ (Trito Isaiah-Isaiah Third) എന്ന ആശയം വ്യഖ്യാന പ്രപഞ്ചത്തിൽ കൊളുത്തിയിട്ടത് എഫ് യെഖേർട്ട് ആണ്. ഇതിനെ ആസ്പദമാക്കി ഹാർപർ എഴുതിയ ഏതാനും വരികളിൽ ആശ്രയിച്ച് സഹോദരൻ അക്ബർ നടത്തിയ വിമർശനം ശ്രദ്ധയിൽപെട്ടു.

ബൈബിളിന്റെ ദൈവീകത വിമർശനങ്ങൾ വസ്തുതകൾ' എന്ന ഗ്രന്ഥത്തിൽ എം എം അക്ബർ എഴുതുന്നു 'പിൽക്കാല പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളായി അറിയപ്പടുന്ന പുസ്തകങ്ങളുടെ സ്ഥിതിയും ഇതിൽ നിന്ന് ഒട്ടും വ്യത്യാസമല്ല. സംഭരണശാലയായ പഴയനിയമത്തിലെ വിജ്ഞാന രത്നസമ്പൂർണ്ണങ്ങളായ ഗ്രന്ഥപേടകങ്ങളിൽ വിശിഷ്ട മായതെന്ന് വിശേഷിപ്പിക്കപ്പെടുന്ന യെശയ്യാവിന്റെ പുസ്തകം രചിച്ചത് ഏക ഗ്രന്ഥകാരനല്ലെന്ന വസ്തുത **എല്ലാ പണ്ഡിതന്മാരും** അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ചുരുങ്ങിയത് രണ്ട് പേരെങ്കിലും അറുപത്തിയാറ് അദ്ധ്യായങ്ങളുള്ള ഈ പുസ്തകത്തിന്റെ രചനയിൽ പങ്കാളികളായിരിക്കണം............. **ഇതിൽ നിന്ന് പ്രവാചകന്മാരുടേത് എന്ന പേരിൽ അറിയപ്പെടുന്ന പഴയനിയമ ഗ്രന്ഥങ്ങളൊന്നും പൂർണ്ണമായി പ്രവാചകന്മാരാൽ രചിക്കപ്പെട്ടവയല്ലെന്ന വസ്തുത** വ്യക്തമായി മനസിലാക്കാൻ കഴിയുന്നു........ **ആരെല്ലാമോ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങൾ ദൈവീകമെന്ന് പറയുന്നവർക്ക് നാശമുണ്ടാവട്ടെയെന്ന ഖുർആനിക വചനം എത്ര പ്രസക്തം'** (പേജ് 33-36)

ബഹുമാന്യ എം എം അക്ബർ സഹോദരന്റെ നിരൂപണത്തിലേക്ക് പ്രവേശിക്കാം. യെശയ്യാവിന്റെ പുസ്തകം രചിച്ചത് ഏക ഗ്രന്ഥകാരനല്ലെന്ന വസ്തുത 'എല്ലാ പണ്ഡിതന്മാരും അംഗീകരിച്ചു' എന്നതാണ് തൻെറ ഒന്നാമത്തെ വാദഗതി. അദ്ദേഹം ഈ വിഷയം ഹാർപറുടെ ബൈബിൾ നിഘണ്ടുവിനെ അടിസ്ഥാനമാക്കിയാണ് ലിഖിതപ്പെടുത്തിയിരിക്കുന്നത് എന്ന് താൻ തന്നെ പറയുന്നു. 'എല്ലാ പണ്ഡിതന്മാരും അംഗീകരിച്ചു' എന്ന് ഹാർപർ പറഞ്ഞതായി അക്ബർ ശബ്ദിക്കുന്നില്ല. ഒന്നോ അതിലധികമോ നിഘണ്ടുകളിൽ നിന്ന് ഗ്രഹിച്ച വിഷയം ആസ്പദമാക്കി 'എല്ലാ പണ്ഡിതന്മാരും അംഗീകരിച്ചു' എന്നു് രേഖപ്പെടുത്തുവാൻ അക്ബർ കാണിച്ച ധൈര്യം സ്തുത്യർഹമാണോ? സാഹിത്യ സംസ്കാരത്തിന് യോജിചതാണോ? സമ്മർദ്ദം ചെലുത്തികൊണ്ടും സംശയം ജനിപ്പിച്ചും വിമർശിച്ചാൽ അനുവാചകർ കണ്ണടച്ച് സ്വീകരിക്കും എന്ന മിഥ്യാധാരണ ഈ നൂറ്റാണ്ടിലും കൊണ്ട് നടക്കേണമോ?

ബഹുമാന്യ എം എം അക്ബർ പറഞ്ഞതു പോലെ എല്ലാ പണ്ഡിതന്മാരും ഇത് കണ്ണടച്ച് അംഗീകരിച്ചിട്ടില്ല. Deutero Isaiah എന്ന തത്വത്തെ നഖശിഖാന്തം എതിർത്ത് ഗ്രന്ഥ കർത്തൃത്വത്തിന്റെ ഏകത്വം തെളിയച്ച വേദശാസ്ത്രിമാരാണ് സ്ട്രാച്ചി, നെഗൽസ്ബാഗ്, ഡബ്ലിയു എച്ച് കോബ്, ത്രിട്ടിൽ, ഡബ്ലിയു എച്ച് ഡഗ്ലസ്, ഒ റ്റി ആലീസ്, എന്നിങ്ങനെ നിരവധി പേർ. എല്ലാ പണ്ഡിതന്മാരും അംഗീകരിച്ചു എന്നുള്ള അക്ബർ രേഖ പൊള്ളയായ ഒരു വാദഗതിയാണെന്നു ഇതിനകം അനുവാചകർ ഗ്രഹിച്ചു കാണുമല്ലോ. അതുകൊണ്ടാണ് ചാവുകടൽ തീരത്തെ വൃക്ഷഫല

**ബഹുമാന്യ എം് എം അക്ബർ പറഞ്ഞതുപോലെ എല്ലാ പണ്ഡിതന്മാരും ഇത് കണ്ണടച്ച് അംഗീകരിച്ചിട്ടില്ല. Deutero Isaiah എന്ന തത്വത്തെ നഖശിഖാന്തം എതിർത്ത് ഗ്രന്ഥ കർത്തൃത്വത്തിന്റെ ഏകത്വം തെളിയച്ച വേദശാസ്ത്രിമാരാണ് സ്ട്രാച്ചി, നെഗൽസ്ബാഗ്, ഡബ്ലിയു എച്ച് കോബ്, ത്രിട്ടിൽ, ഡബ്ലിയു എച്ച് ഡഗ്ലസ്, ഒ റ്റി ആലീസ്, എന്നിങ്ങനെ നിരവധി പേർ.**

**"ഞാൻ അവരോട് ഒരു സമാധാന നിയമം ചെയ്യും; അത് അവർക്കു ഒരു ശാശ്വതനിയമം ആയിരിക്കും; ഞാൻ അവരെ ഉറപ്പിച്ചു പെരുക്കി അവരുടെ നടുവിൽ എന്റെ വിശുദ്ധമന്ദിരത്തെ സദാ കാലത്തേക്കും സ്ഥാപിക്കും."** (യെഹസ്ക്കേൽ 37:26)

ത്തോടുപമിച്ച് ചിന്തിച്ചത്.

ഇനിയും യെശയ്യാ ഗ്രന്ഥത്തിനെതിരെ ആക്ഷേപകർ പറയുന്ന എല്ലാ പോയിന്റുകൾക്കും മറുപടി കൈവശമുണ്ട്. ആവശ്യാനുസരണം ഹാജരാക്കാം. ലേഖനം വിശാലമാകും എന്നതിനാൽ പ്രധാനമായത് രേഖപ്പെടുത്തുന്നു. വിമർശകരുടെ നിരൂപണപ്രകാരം യെശയ്യാവിലെ ദൈവശാസ്ത്ര സ്വഭാവമനുസരിച്ച് 1 മുതൽ 39 വരെ അദ്ധ്യായങ്ങളിൽ വാഴുന്ന മശീഹായെക്കുറിച്ച് (Reigning Messiah) എഴുതിയത് ഒന്നാം യെശയ്യാവും (Proto Isaiah-Isaiah First)ന്റെ 40 മുതൽ 66 വരെ കഷ്ടം സഹിക്കുന്ന മശീഹയെ (Suffering Messiah) വർണ്ണിക്കുന്നത് രണ്ടാം യെശയ്യാവും (Deutero Isaiah-Second Isaiah) ആണ്. അങ്ങനെ യെശയ്യാ ദ്വയം എന്ന ആശയം പ്രത്യക്ഷപ്പെട്ടു.

ഈ വിമർശകർ സാഹിത്യ ലോകത്തിലെങ്ങുമില്ലാത്ത ഒരു ഉഗ്രൻ നിയമം ഹാജരാക്കിയിരിക്കുന്നു. ഒരു പുസ്തകത്തിന്റെ രണ്ട് ഭാഗങ്ങളിലായി ഒരാളുടെ ജീവിതത്തിലെ രണ്ടുവിധ വിഷയങ്ങൾ ഒരു എഴുത്തുകാരന് എഴുതുവാൻ പറ്റുകയില്ലത്രെ. പർവ്വത സമാനമായ ഈ നിയമം സാഹിത്യ ലോകത്തിൽ എവിടേയോ വേരുറച്ചു നിലനില്ക്കുന്നതുപേലെ തോന്നും ഇവരുടെ നിരൂപണം കേട്ടാൽ. രണ്ടു ഭാഗങ്ങളിൽ ഒരേ വ്യക്തിയെക്കുറച്ച് രണ്ടുവിധ വിഷയം വരുന്നതിനാൽ രണ്ട് എഴുത്തുകാർ ആയിരിക്കണം എന്ന നിയമം എവിടെനിന്ന്?. റോമാലേഖനത്തിൽ ഈ രീതി കാണുന്നു. ഒരു വാക്യത്തിലും, ഒരു അദ്ധ്യായത്തിലും, ഒരു പുസ്തകത്തിലും മശീഹയുടെ രണ്ടുവിധ അനുഭവങ്ങൾ പങ്കുവെച്ച വേദസൂക്തങ്ങൾക്ക് ബൈബിളിൽ സ്ഥാനമുണ്ട്. യെശ 9:6, സങ്കീ 22, മീഖ 2,5.

എസ് ഗുപ്തൻ നായരുടെ ഒരു ഗ്രന്ഥം മതി ഇതിന് മതിയായ തെളിവിന്. സെക്കുലർ എഴുത്തുകാരിലും ഇതേ സാഹിത്യ രചനാ രീതി കണ്ടു വരുന്നതിനാൽ ഇതിനെ വിമർശിക്കാൻ തയ്യാറായ ഇബ്ൻ എസ്രാ മുതലയവരുടെ നിരൂപണത്തിന് എന്തു വിലയാണുള്ളത്. അതിനെ ചുമലിൽ ഏറ്റവരും ഏല്ക്കുന്നവരും ഇനിയെങ്കിലും വിലയില്ലാത്ത വിമർശന വീഥിയിൽ നിന്ന് വഴിമാറാൻ ബുദ്ധി പഠിക്കട്ടെ.

വിമർശകരുടെ കടുത്ത നിർബന്ധം നോക്കൂ. 'ബി സി 599 ൽ രാജത്വം ഏറ്റെടുത്ത് 538 ജൂൺ 18 ൽ ബെൽത്ത്ശസ്സറിനെ കൊന്നൊടുക്കിയ കോരശ് എന്ന രാജാവിന്റെ പേര് തന്നോടനുബന്ധിച്ച വിഷയങ്ങൾ എന്നിവ രേഖപ്പെടുത്തുവാൻ അന്നു ജീവിച്ചിരുന്ന ഒരു യെശയ്യാവിനെ പറ്റുകയുള്ളൂ. ബിസി 800 നും 700 നും ഇടക്ക് ജീവിച്ചിരുന്ന യെശയ്യാവിന് എങ്ങനെ എഴുതാൻ കഴിയും?'

അതിശക്തമായ ഈ ചോദ്യത്തിനുള്ള വ്യക്തമായ ഉത്തരം സഹോദരൻ അക്ബർ

തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഞാൻ പറയേണ്ടതില്ലല്ലോ. അക്ബർ പറയുന്നത് ഒരു നിമിഷം ശ്രദ്ധിച്ചാലും. 'വെളിപ്പാട് യാഥാർത്ഥ്യമാണെന്നും അതിലെ ഒരോ പദവും തെറ്റില്ലാത്തതാണെന്നും ബൈബിളിൽ നിറഞ്ഞു നില്ക്കുന്നത് വെളിപ്പാടാണെന്നും' (പേജ് 17, 91) എഴുതിപ്പിടിപ്പിച്ച അക്ബറിനു ഇങ്ങനെ ചോദിക്കേണ്ടി വന്ന ഗതികേട് ഓർക്കുമ്പോൾ!

നിത്യയാഥാർഥ്യത്തെ വളച്ചൊടിക്കുവാൻ അദ്ധ്വാനിക്കുന്നവർക്കുള്ള ഒരു ചൂണ്ടു പലകയാണിത്. കാലത്രയങ്ങൾ തിരുമുമ്പിലിരിക്കുന്ന ത്രികാലവേദിയായ ഇമ്മാനുവേലിന്റെ പേരും കുറിക്കുവാൻ സാധിച്ച വേദഗ്രന്ഥത്തി നാണോ വെറും 130 വർഷങ്ങളുടെ അക ലത്തിൽ രംഗപ്രവേശം ചെയ്യുന്ന കോര ശിന്റെ പേരു പറയാൻ ഇത്ര വിഷമം? ഇ ത്തരം വിഷയങ്ങൾ ബൈബിൾ പ്രഖ്യാപി ക്കുന്ന നബിമാർക്ക് കൈമാറുവൻ തക്ക കഴി വുള്ള പടച്ചതമ്പുരാനെയാണ് സഹോദ രന്മാരെ നിങ്ങൾ വിമർശിക്കുന്നതെന്നോർ ക്കണം. അല്ലയോ, ഇബ്ൻ എസ്രമാരെ ഇത്തരം മിഥ്യാധാരണ പരത്തുവാൻ ശ്രമിക്കുന്നത് ഇനിയും ആവർത്തിക്കണമോ?

ഭാഷാശൈലി ആണ് മറ്റൊരു പ്രധാന

**അപ്പഴപ്പോഴുള്ള വലിയ പണ്ഡിതകേസരികൾ വിമർശകരോട് ആവർത്തിച്ച് ചോദിച്ചിട്ടും ഇന്നുവരെ മറുപടി പറയാൻ സ്റ്റോക്കില്ലാതിരിക്കുമ്പോഴാണോ അക്ബർ ഈ പഴഞ്ചൻ കഥയുമായി രംഗത്ത് വരുന്നത്. നിരവധി തെളിവുകളാണ് ഈ വിഷയം ബോധ്യപ്പെടുത്തുവാൻ വേദചിന്തകർ എഴുതിവെച്ചിട്ടുളത്.**

തിരുമേനിക്ക് ഇതൊക്കെ കഴിയുമെന്ന ഗ്രഹിക്കയും, ലിഖിതപ്പെടുത്തിയതുമായ വിമർശകർ ദയവായി തിരുവെഴുത്ത് വിമർശിക്കുമ്പോൾ ഒന്ന് ചിന്തിക്കണമേ.

ബൈബിളിലേക്ക് ഒന്നെത്തി നോക്കൂ. സംഭവിക്കുവാൻ പോകുന്ന വിഷയങ്ങളും, അവ നിറവേറുന്നത് ആരിലോ അവരുടെ നാമവും പ്രഖ്യാപിക്കുവാൻ വേദപുസ്തകത്തിന് കഴിഞ്ഞിട്ടുണ്ട്. ഒരുവർഷത്തിനു ശേഷം ജനിക്കാനിരിക്കുന്ന യെശയ്യാവിന്റെ മകന്റെ പേരും (യെശ 8:1-3) മുന്നൂറ് വർഷങ്ങൾക്കു ശേഷം ജനിക്കാനിരിക്കുന്ന യോശീയാവിന്റെ നാമവും (2 രാജ 13:1-4) എഴുന്നൂറ് വർഷങ്ങൾക്കു ശേഷം ജനിക്കാ നിരിക്കുന്ന വിഷയം. യെശയ്യാ ഗ്രന്ഥത്തിൽ 1 മുതൽ 39 വരെ ഉപയോഗിച്ച ശൈലികളല്ല 40 മുതൽ 66 വരെ കാണുന്നത്. അറുപത്തിരണ്ട് വർഷത്തിനുള്ളിൽ എഴുതിയ ഒരു പുസ്തകത്തിലെ ആദ്യകാല ശൈലി മാറിയെന്നുള്ള വാദം വെറും മിഥ്യയല്ലേ? യെഹസ്കയേലിലും, റോമാലേഖനത്തിലും, മോശൈക ഗ്രന്ഥങ്ങളിലും ഇത് കാണാം. ഒരു വ്യക്തിയുടെ ആദ്യകാല ശൈലിയും അവസാന കാല ശൈലിയും തമ്മിലുള്ള ബന്ധം സംബന്ധിച്ച ഒരു അറിവും ഇല്ലാത്തതിനാലല്ല മന:പൂർവ്വം ആക്ഷേപിക്കാനുള്ളള ഈ വ്യഗ്രത അവർ കാണിച്ചിട്ടുള്ളത്. പോപുലാരിറ്റിക്ക് വേണ്ടിയാണെന്ന ഞാൻ പറയാതെ തന്നെ വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ.

**" ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ , ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും."** (യോഹന്നാൻ 14:3)

സെക്കുലർ എഴുത്തുകാരായ ഇ. എം. എസിന്റെയും മറ്റും പുസ്തകങ്ങൾ ഇതിനൊരു മതിയായ തെളിവാണ്. പകൽപോലെ സത്യമാണ്. ഇരുപത്തിയേഴിലധികം പ്രയോഗങ്ങൾ ഇബ്ൻ എസ്രായുടെ തിരിവിൻ പ്രകാരമുള്ള യെശയ്യാവിലെ രണ്ടു ഭാഗത്തും ഒരു പോലെ ആവർത്തിക്കുന്ന എന്ന യാഥാർത്ഥ്യം വിസ്മരിക്കരുതെ.

ഗ്രന്ഥകർത്തൃത്വത്തിന്റെ ഏകത്വം തെളിയിക്കുന്ന രേഖകളിൽ ഒരു നിമിഷം നില്ക്കാം. യെശയ്യാവിൽ നിന്ന 52 ഉദ്ധരണികൾ പുതിയ നിയമത്തിലുണ്ട്. അവർ പറയുന്ന ഒന്നാം ഭാഗത്തു നിന്ന 22 ഉം, രണ്ടാം ഭാഗത്തു നിന്നു 30 ഉം ആണ്. പക്ഷേ ഈസാ നബിക്കും പുതിയ നിയമ എഴുത്തുകാർക്ക് ആർക്കും തന്നെ ഒരു യെശയ്യാവിനെയല്ലാതെ Deutero Isaiah(Second Isaiah), Trito Isaiah (Isaiah Third) എന്നിവരെ പരിചയമില്ല. Flavious Josephus ന്റെ എഴുത്തുകളിൽ ഒരു യെശയ്യാവിനെ മാത്രമെ കാണുന്നുള്ളൂ. LXX ലും ഒരു യെശയ്യാവ് മാത്രമേയുള്ളൂ.

ഹോശയ മുതൽ മലാഖി വരെ 12 ചെറിയ പ്രവാചകന്മാരുടെ പുസ്തകങ്ങൾ എബ്രായ ബൈബിളിൽ ഒരൊറ്റ പുസ്തകമാണ്. മൂന്ന് അദ്ധ്യായങ്ങൾ വീതമുള്ള യോവേലിനും, ഹബക്കൂക്കിനും, നഹൂമിനും, സെഫന്യാവിനും, രണ്ട് അദ്ധ്യായങ്ങളുള്ള ഹഗ്ഗായിക്കും, എന്തിനേറെ ഒരു അദ്ധ്യായമുള്ള ഓബദ്യാവിനു പോലും തലക്കെട്ടുണ്ട്. അങ്ങനെയിരിക്കെ 40 മുതൽ ഇരുപത്തയേഴ് അദ്ധ്യായങ്ങളുള്ള യെശയ്യാ രണ്ടാമനും (Deutero Isaiah-Second Isaiah) എഫ് യെഷേർട്ട് പറയുന്ന (Trito Isaiah- Isaiah Third) എന്ന 49 മുതൽ 66 വരെ അദ്ധ്യായങ്ങളുള്ള യെശയ്യാവിനും തലക്കെട്ടില്ലാതിരിക്കുന്നതെന്ത് എന്നു അപ്പഴപ്പോഴുള്ള വലിയ പണ്ഡിത കേസരികൾ വിമർശകരോട് ആവർത്തിച്ച് ചോദിച്ചിട്ടും ഇന്നുവരെ മറുപടി പറയാൻ സ്റ്റോക്കില്ലാതിരിക്കുമ്പോഴാണോ അക്ബർ ഈ പഴഞ്ചൻ കഥയുമായി രംഗത്ത് വരുന്നത്. നിരവധി തെളിവുകളാണ് ഈ വിഷയം ബോധ്യപ്പെടുത്തുവാൻ വേദചിന്തകർ എഴുതിവെച്ചിട്ടുളത്. ദയവായി കഴമ്പില്ലാത്ത, ആരോഗ്യമില്ലാത്ത വാദഗതിയുമായി മുന്നോട്ടു പോകാതെ തുറന്ന ഹൃദയത്തോടെ ബൈബിൾ വായിപ്പാൻ ഏവരോടും അഭ്യർത്ഥിക്കുന്നു. ●

*ക്രൈസ്തവ ലോകത്ത് ഒരു നൂതന സംരംഭം!*

**സീക്കേഴ്സ് പാത്ത് മാസിക.**

ഒരു ലക്കം പോലും നഷ്ടമാവാതിരിക്കുവാൻ ഉടൻ വരിക്കാരാകുക!
വാർഷിക വരിസംഖ്യ രൂ. 150.00.

സി.ഡി.വർഗീസ് പി.ഒ.ബോക്സ് നമ്പർ.7,പുല്ലാട്. പി.ഒ.തിരുവല്ല. പിൻ: 689548.

# ബൈബിൾ സ്ത്രീയെ താഴ്ത്തിക്കെട്ടുന്നുവോ?

പാസ്റ്റർ ചാക്കോ ആന്റണി പരപ്പനങ്ങാടി.

മതവിഷയങ്ങളിൽ സർവ്വജ്ഞപീഠം കയറിയെന്നു സ്വയം ചമയുന്ന ദഅ്‌വാ പണ്ഡിതൻ ശ്രീ എം. എം. അക്ബറിന്റെ ബൈബിൾ വീക്ഷണം കാണുക," സ്ത്രീക്ക് ഇസ്ലാം നൽകുന്ന മഹത്വം മറ്റൊരു മതവും അവൾക്കു നല്കുന്നില്ല. അവൾക്കു ഇസ്ലാം അനുവദിച്ച അവകാശങ്ങളും നിരവധിയാണ്. മറ്റു മതങ്ങളിലെല്ലാം ഭർത്താവിന്റെ സ്വകാര്യ സ്വത്തായിട്ടാണ് അവൾ പരിഗണിക്കപ്പെട്ടിരിക്കുന്നത്. ഇസ്ലാം ആകട്ടെ സ്വതന്ത്രമായ അസ്ഥിത്വവും വ്യക്തിത്വവും അവകാശമുള്ളവളായാണ് സ്ത്രീയെ കാണുന്നത്. ബൈബിൾ പഴയനിയമവും പുതിയനിയമവുമെല്ലാം പാപത്തിനു കാരണക്കാരിയായ കൊടും പാപിയായാണ് അവളെ അഭിവീക്ഷിക്കുന്നത്" (ഖുർആനിന്റെ മൗലികത, ഭാഗം 1, പേജ് 251).

ഏതൊരു മതവിശ്വാസിക്കും തന്റെ മതത്തിന്റെ മഹത്വം വിളംബരം ചെയ്യാനും മതഗ്രന്ഥങ്ങളിൽ പാണ്ഡിത്യം നേടാനും ഇവിടെ സ്വാതന്ത്ര്യമുണ്ട്. പക്ഷേ, അത് ഇതര മതങ്ങളെയും മതഗ്രന്ഥങ്ങളെയും ആക്ഷേപിച്ചുകൊണ്ടായിരിക്കരുത്. ഈ മതപണ്ഡിതൻ സ്വന്തമതഗ്രന്ഥങ്ങളെക്കുറിച്ച് സത്യസന്ധമായി പഠിച്ചിരുന്നെങ്കിൽ ഇതര മതഗ്രന്ഥങ്ങളെ ആക്ഷേപിക്കുമായിരുന്നില്ല. പ്രത്യേകിച്ച്, ക്രൈസ്തവരുടെ പാവനഗ്രന്ഥമായ വിശുദ്ധ ബൈബിളിനെക്കുറിച്ച് അബദ്ധങ്ങൾ എഴുതി വിടുമായിരുന്നില്ല.



മുഹമ്മദ് നബിക്കു മതഗ്രന്ഥം നല്കിയ അല്ലാഹു വിശുദ്ധ ബൈബിളിനെക്കുറിച്ച് പറയുന്നത് കേൾക്കൂ, ''തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത് നാം തന്നെയാണ്. അതിൽ മാർഗ്ഗനിർദ്ദേശവും പ്രകാശവുമുണ്ട്" (ഖുർആൻ 5:44).

ഈ വാക്യത്തിനു ശ്രീ. സി.എൻ അഹമ്മദ് മൗലവി നല്കുന്ന വ്യാഖ്യാനം ശ്രദ്ധിക്കുക, "തൗറാത്തിനുള്ള സ്ഥാനവും പ്രാധാന്യവും വെളിപ്പെടുത്തുകയാണ്. അത് അല്ലാഹു ഇറക്കിയിട്ടുള്ള വേദം തന്നെയാണ്. മൂസാ നബിക്കു ശേഷം വന്ന നബിമാരെല്ലാവരും അതനുസരിച്ചാണ് അവരുടെ ജനങ്ങൾക്കു വിധി നൽകിയിരുന്നത്. സത്യസന്ധരായ മതപണ്ഡിതന്മാരും അതനുസരിച്ചു തന്നെയാണ് വിധി കൽപ്പിച്ചു പോന്നിട്ടുള്ളത്" (പരിശുദ്ധ ഖുർആൻ, ഒന്നാം വാള്യം, പേജ് 522). (തൗറാത്ത് എന്നു പറയുന്നത് ബൈബിളിലെ പഴയനിയമ പുസ്തകങ്ങൾക്കാണ്). പഴയനിയമം ദൈവത്തിന്റെ വചനമാണെന്നും അതിൽ മാനവീകതയ്ക്കു മഹത്തരമായ സന്ദേശങ്ങളാണ് ഉള്ളതെന്നും അല്ലാഹുവും അല്ലാഹുവിന്റെ വചനം സത്യസന്ധമായി വ്യാഖ്യാനം ചെയ്ത ശ്രീ. സി.എൻ അഹമ്മദ്

മൗലവിയും സമ്മതിച്ചിരിക്കുകയാണ്.

ഇനി പുതിയ നിയമത്തെക്കുറിച്ച് അല്ലാഹു പറയുന്നത് കേൾക്കുക, "(പിന്നീട്) ആ നബിമാരുടെ ചവിട്ടടികളെ പിൻതുടർന്നു കൊണ്ടു നടക്കുവാനായി, മർയമിന്റെ മകൻ ഈസായെ നാം അയച്ചു. (അദ്ദേഹം വന്നതു) തന്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെച്ചും കൊണ്ടാണ്. (അതോടൊപ്പം) അദ്ദേഹത്തിനു നാം ഇഞ്ചീൽ നൽകുകയുമുണ്ടായി. അതിൽ (മനുഷ്യർക്കു) മാർഗ്ഗനിർദ്ദേശവും പ്രകാശ വുമുണ്ട്. മുമ്പിലുള്ള തൗറാത്തിനെ ശരിവെച്ചും കൊണ്ടുതന്നെയാണ് അതും വന്നിട്ടുള്ളത്. (അത്) സൂക്ഷ്മതയുള്ളവർക്ക് ഒരു മാർഗ്ഗദർശനവും തത്വോപദേശവുമായിരുന്നു" (ഖുർആൻ 5:46). (ഈസായെ അയച്ചതും തൗറാത്തും (പഴയനിയമം) ഇൻജീലും (പുതിയനിയമം) നല്കിയുും അല്ലാഹുവാണെന്നുള്ളത് ഇസ്ലാമിന്റെ വിശ്വാസമാണ്. ക്രൈസ്തവർക്കു അത് സ്വീകാര്യമല്ല. കാരണം, അല്ലാഹുവും ബൈബിൾ വെളിപ്പെടുത്തുന്ന ഏകസത്യ ദൈവവും രണ്ടും രണ്ടാണ്.) വിശുദ്ധ ബൈബിൾ മഹനീയമാണെന്നും അതിൽ രേഖപ്പെടുത്തിയിരിക്കുന്ന വചനങ്ങൾ മനുഷ്യവർഗ്ഗത്തിനു ഗുണപ്രദമാണെന്നും ഇസ്ലാമിന്റെ ദൈവമായ അല്ലാഹുവും സ്പഷ്ടമായി പറഞ്ഞിരിക്കെ, അത് കാണുകയോ പഠിക്കുകയോ ഗ്രഹിക്കുകയോ ചെയ്യാതെ അല്ലാഹുവിനെക്കാൾ മഹാൻ ചമഞ്ഞ് ബൈബിളിനെ ആക്ഷേപിക്കുന്ന അക്ബറിനെ ഓർത്തു സഹതപിക്കാനേ നിവർത്തിയുള്ളു.

**പഴയ നിയമം ദൈവത്തിന്റെ വചനമാണെന്നും അതിൽ മാനവീകതയ്ക്കു മഹത്തരമായ സന്ദേശങ്ങളാണ് ഉള്ളതെന്നും അല്ലാഹുവും അല്ലാഹുവിന്റെ വചനം സത്യസന്ധമായി വ്യാഖ്യാനം ചെയ്ത ശ്രീ. സി.എൻ അഹമ്മദ് മൗലവിയും സമ്മതിച്ചിരിക്കുകയാണ്.**

വിഷയത്തിലേക്കു മടങ്ങി വരാം. "പാപത്തിനു കാരണക്കാരി സ്ത്രീയാണ്" എന്ന പ്രസ്താവന തന്നെ തെറ്റാണ്. പാപത്തിന്റെ ഉത്ഭവം സംബന്ധിച്ച് വ്യക്തമായ ഒരു രേഖ തരുവാൻ വിശുദ്ധ ബൈബിളിനു സാധിച്ചിട്ടുണ്ട്. പിശാച് ആദിമുതൽ പാപം ചെയ്യുന്നു എന്നു ബൈബിൾ പറയുന്നു. "പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികൾ നശിപ്പിക്കുവാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി" (1 യോഹന്നാൻ 3:8). തന്നെ വിശ്വസിക്കുകയും പിന്നീട് സംശയിക്കുകയും ചെയ്ത യഹൂദന്മാരോട് യേശു പറയുന്നു "നിങ്ങൾ പിശാച് എന്ന പിതാവിന്റെ മക്കളാകുന്നു. നിങ്ങളുടെ പിതാവിന്റെ മോഹങ്ങൾ ചെയ്യുവാൻ നിങ്ങൾ ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കൊലപാതകി ആയിരുന്നു. അവനിൽ സത്യം ഇല്ലാത്തതുകൊണ്ട് സത്യത്തിൽ നിലനില്ക്കു ന്നതുമില്ല. അവൻ വ്യാജം സംസാരിക്കുമ്പോൾ സ്വയത്തിൽ നിന്നു സംസാരിക്കുന്നു. അവൻ വ്യാജം പറയുന്നവനും അതിന്റെ പിതാവും ആകുന്നു"(യോഹന്നാൻ 8:44). ബൈബിൾ വീക്ഷണത്തിൽ പാപത്തിന്റെ കാരണക്കാരൻ പിശാചാകുന്നു.

**"ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു."** (യോഹന്നാൻ 17:3)

പരീക്ഷകനായ പിശാച് പാമ്പിലൂടെ ഹവ്വയുടെ അടുക്കലെത്തി അവളെ പ്രലോഭിപ്പിച്ച് അവന്റെ കെണിയിൽ വീഴ്ത്തുകയായിരുന്നു (ഉല്പത്തി 3:1-6). മനുഷ്യന്റെ വീഴ്ചയുടെ വിവരണത്തിൽ പാമ്പിനെക്കുറിച്ചല്ലാതെ സാത്താനെക്കുറിച്ച് പറഞ്ഞിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ, വെളിപ്പാടു പുസ്തകം 20:2-ൽ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പം എന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്. പാപത്തിൽ വീണുപോയ ആദം ഹവ്വാ ദമ്പതിമാരെ ഏദൻ തോട്ടത്തിൽ നിന്നു പുറത്താക്കിയെങ്കിലും അവരോടുള്ള ദൈവത്തിന്റെ അനുകമ്പയും കരുണയും ഉല്പത്തി പുസ്തകം മൂന്നാം അദ്ധ്യായത്തിൽ കാണാം. പ്രത്യേകിച്ച്, പിശാചിന്റെ പ്രേരണയ്ക്ക് വിധേയപ്പെട്ട സ്ത്രീയോടും അവളുടെ സന്തതി പരമ്പരകളോടുമുള്ള ദൈവത്തിന്റെ അദമ്യമായ സ്നേഹം ബൈബിളിലുടനീളം ദർശിക്കാവുന്നതാണ്. ഹവ്വയെ ഉന്നതനായ ദൈവം വിശേഷപ്പിക്കുന്നത് തന്നെ, ''അവൾ ജീവനുള്ളവർക്കെല്ലാം മാതാവാകുന്നു'' എന്നാണ് (ഉല്പത്തി 3:20).

സ്ത്രീയെ പുരുഷന്മാരെക്കാൾ താഴ്ന്നവളായിട്ടല്ല ബൈബിൾ വീക്ഷിക്കുന്നത്. മറിച്ച്, പുരുഷനു തുല്യതയുള്ളവളും കാര്യപ്രാപ്തിയുള്ളവളുമായിട്ടു തന്നെയാണ്. റാഹേൽ, ലേയ എന്നീ സ്ത്രീകളെപ്പറ്റി ബൈബിൾ പറയുന്നതു, " അവർ ഇരുവരുമാണ് യിസ്രായേൽ ഗൃഹം പണിതത്" (രൂത്ത് 4:11) എന്നാണ്. മറ്റൊരു സ്ത്രീയായ എസ്ഥേറിനെ രാജ്ഞി സ്ഥാനത്തു കൊണ്ടുവന്നതും ആത്മീയ നേതൃത്വം നല്കിയതും ദൈവം തന്നെയാണ്. തെക്കോവയിലെ ബുദ്ധിമതിയായ സ്ത്രീയും (2 ശമുവേൽ 14:1-20) ആബേലിലെ ജ്ഞാനമുള്ള സ്ത്രീയും (2 ശമുവേൽ 20:14-22) ജനങ്ങൾക്കു ആത്മീകവും രാഷ്ട്രീയവുമായ ഉപദേശം നല്കുന്നതിനു വേണ്ടി ദൈവം തിരഞ്ഞെടുത്ത സ്ത്രീകളായിരുന്നു. അഹരോന്റെ സഹോദരി മിര്യാമിനെ പ്രവാചകി എന്നാണ് ബൈബിൾ വിശേഷിപ്പിച്ചിട്ടുള്ളത് (പുറപ്പാട് 15:20). ഈ മിര്യാമിനു, മിസ്രയീം ദേശത്തു നിന്നു യിസ്രായേൽ മക്കളെ ഉദ്ധരിച്ച നേതാക്കളുടെ കൂട്ടത്തിൽ മോശെ, അഹരോൻ എന്നിവരോടൊപ്പമായ ഒരു സ്ഥാനമാണ് മീഖാ പ്രവാചകൻ നല്കിയിരിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ''ഞാൻ നിന്നെ മിസ്രയീം ദേശത്തു നിന്നു പുറപ്പെടുവിച്ചു. അടിമ വീട്ടിൽ നിന്നു നിന്നെ വീണ്ടെടുത്തു. മോശയെയും അഹരോനെയും മിര്യാമിനെയും നിന്റെ മുമ്പിൽ അയച്ചു" (മീഖാ 6:4). ദബോര എന്ന സ്ത്രീ രത്നമാകട്ടെ പ്രവചന ശുശ്രൂഷയോടൊപ്പം ന്യായപാലനവും നിർവ്വഹിച്ചിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. "ആ കാലത്ത് ലപ്പീദോത്തിന്റെ ഭാര്യയായ ദബോര എന്ന പ്രവാചകി യിസ്രായേലിൽ ന്യായപാലനം ചെയ്തു (ന്യായാധിപന്മാർ 4:4) ഇതുപോലെ നിരവധി സ്ത്രീരത്നങ്ങളെ ചൂണ്ടിക്കാണിക്കുവാൻ കഴിയും. വിസ്താരഭയത്താൽ അതിനു മുതിരുന്നില്ല.

സ്ത്രീകൾക്ക് സമൂഹത്തിൽ നേതൃസ്ഥാനം ലഭിക്കാതിരുന്ന ഒരു കാലഘട്ടത്തി

**“നിന്റെ രക്ഷ എന്ന പരിചയെ നീ എനിക്കു തന്നിരിക്കുന്നു; നിന്റെ വലംകൈ എന്നെ താങ്ങി നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു.”** (സങ്കീർത്തനങ്ങൾ 18:35)

ലാണ് ഇപ്രകാരം ഒരംഗീകാരം ബൈബിൾ വെളിപ്പെടുത്തുന്ന ഈ സ്ത്രീകൾ നേടിയെടുത്തത്. യേശുവിന്റെ കാലത്ത് മതാനുഷ്ഠാനങ്ങളിൽ നിന്നും സ്ത്രീയെ പൂർണ്ണമായും ഒഴിവാക്കിയിരുന്നു. സ്ത്രീയെ പഠിപ്പിക്കുന്നതിനെക്കാൾ തോറയെ ചുടുകയാണ് നല്ലതെന്നു യെരുശലേം തൽമൂദ് പറയുന്നു. യഹൂദന്മാരുടെ പള്ളികളിൽ സ്ത്രീകളുടെ സ്ഥാനം മറയ്ക്കു പിന്നിലായിരുന്നു. എന്നാൽ, ക്രിസ്തു ഇവയെയെല്ലാം തിരുത്തി സ്ത്രീക്കു സമൂഹത്തിൽ മാന്യത നല്കി. വ്യഭിചാരത്തിൽ പിടികൂടിയ സ്ത്രീക്ക് കർത്താവ് മാപ്പു നല്കി (യോഹന്നാൻ 8:11). നിന്ദ്യയായി കരുതപ്പെട്ടിരുന്ന പാപിനിയായ സ്ത്രീയെ യേശു അനുഗ്രഹിച്ചു (ലൂക്കോസ് 7:50). കനാന്യസ്ത്രീയുടെ മകളെയും (മത്തായി 15:28), പത്രോസിന്റെ അമ്മായിയമ്മയേയും (മത്തായി 8:14,15), മഗ്ദലന മറിയത്തെയും യേശു സൗഖ്യമാക്കി. നയിനിലെ വിധവയോടുള്ള അനുകമ്പ നിമിത്തം അവളുടെ മകനെ ഉയിർപ്പിച്ചു (ലൂക്കോസ് 7:11-15). “ബൈബിൾ സ്ത്രീയെ കൊടുംപാപിയായാണ് അഭിവീക്ഷിക്കുന്നത്” എന്ന അക്ബറിന്റെ ആരോപണത്തിനു നിലനില്പ് ഇല്ലായെന്നു മുകളിൽ ഉദ്ധരിച്ച വചനങ്ങളിൽ നിന്നും അനുവാചകർ ഗ്രഹിക്കുമല്ലോ.

അക്ബർ ആക്ഷേപമുന്നയിച്ച അതേ പുസതകത്തിൽ തന്നെ മറ്റൊരിടത്ത് എഴുതിയിരിക്കുന്നത് കാണുക: “യേശുവിന്റെ ആഗമനകാലത്ത് യഹൂദ സമുദായത്തിലെ സ്ത്രീകളുടെ അവസ്ഥ അത്യന്തം പരിതാപകരമായിരുന്നു. പ്രഭാതപ്രാർത്ഥനയായ ‘ഷേമാ’ ചൊല്ലാൻ സ്ത്രീകൾക്കോ കുട്ടികൾക്കോ അടിമകൾക്കോ അനുവാദമുണ്ടായിരുന്നില്ല. ‘സ്ത്രീയായി എന്നെ സൃഷ്ടിക്കാത്തതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു’വെന്ന ഒരു പ്രാർത്ഥന തന്നെ യഹൂദ ദിനചര്യയിലുണ്ടായിരുന്നു. തോറ പഠിക്കുവാൻ സ്ത്രീകൾക്ക് അനുവാദമുണ്ടായിരുന്നില്ല. തോറ സ്ത്രീകളെ പഠിപ്പിക്കുന്നതിലും ഭേദം ചുട്ടുകരിക്കലാണ് എന്നാണ് ക്രിസ്താബ്ദം തൊണ്ണൂറാമാണ്ടിൽ ജീവിച്ച ഏലിയാസർ എന്ന യഹൂദ റബ്ബി അഭിപ്രാപ്പെട്ടിരിക്കുന്നത്. ഈയൊരവസ്ഥക്ക് മാറ്റമുണ്ടാക്കുന്നതിനു വേണ്ടി ക്രിസ്തു ആത്മാർത്ഥമായി പരിശ്രമിച്ചതായി കാണാനാവും. തന്റെ ശിഷ്യഗണത്തിൽ അദ്ദേഹം സ്ത്രീകൾക്കു കൂടി സ്ഥാനം നല്കി. അപ്പോസ്തലന്മാരിൽ സ്ത്രീകളൊന്നുമില്ലെങ്കിലും ക്രിസ്തുവിന്റെ പരസ്യപ്രബോധന വേളയിൽ അദ്ദേഹത്തെ അനുഗമിച്ചിരുന്ന അനേക സ്ത്രീകളെ നമുക്കു കാണാനാകും. മഗ്ദലന മറിയ, യോഹന്ന, സൂസന്ന.. .. ഇങ്ങനെ പോകുന്നു അവരുടെ പട്ടിക. സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ എല്ലാ ജനങ്ങളിലും അദ്ദേഹം സുവിശേഷ പ്രചാരണം നടത്തി (യോഹന്നാൻ 4:1-24). മതപരമായ വിഷയങ്ങളിൽ സ്ത്രീക്കു യാതൊന്നും ചെയ്യാനില്ലെന്നു നിഷ്ക്കർഷിക്കപ്പെട്ടിരുന്ന യഹൂദാ സമുദായത്തിൽ ഇവയെല്ലാം തന്നെ വിപ്ലവാത്മകമായ നടപടികളായിരുന്നു. സ്ത്രീയും പുരുഷനും ദൈവത്തിങ്കൽ തുല്യരാണെന്നു ക്രിസ്തു പഠിപ്പിക്കു

കയായിരുന്നു ഈ പ്രവചനത്തിലൂടെ.'' (ഖുർആനിന്റെ മൗലീകത, ഭാഗം 1, പേജ് 111).

ഒരേ പുസ്തകത്തിന്റെ ഒരുഭാഗത്ത് ബൈബിൾ സ്ത്രീയെ കൊടും പാപിയായി തരംതാഴ്ത്തുന്നു എന്നും മറ്റൊരിടത്ത് സ്ത്രീയും പുരുഷനും ദൈവത്തിങ്കൽ തുല്യരാണെന്നു പഠിപ്പിക്കുന്നുവെന്നും പരസ്പര വൈരുദ്ധ്യമായി എഴുതി വിടുന്ന ഈ എഴുത്തുകാരനെ എന്താണ് വിളിക്കേണ്ടത്? ഇദ്ദേഹം മതപണ്ഡിതനോ? വൈരുദ്ധ്യങ്ങൾ എഴുതിപ്പിടിപ്പിക്കാനും പ്രചരിപ്പിക്കാനും ധനവും സമയവും അദ്ധ്വാനവും വെറുതെ പാഴാക്കിക്കൊണ്ടിരിക്കുന്ന "ഈ മഹാപണ്ഡിതനെ" സാക്ഷാൽ ദൈവം തന്നെ പിന്തിരിപ്പിക്കട്ടെ!

ഇനി, സ്ത്രീക്ക് ഇസ്ലാം നല്കുന്ന മഹത്വം വലുതാണെന്നുള്ള അക്ബറിന്റെ പ്രസ്താവന യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ലെന്നു ആ മതഗ്രന്ഥങ്ങളെ പരിശോധിച്ചാൽ ബോദ്ധ്യമാകും. സ്ത്രീകൾ പുരുഷന്റെ സുഖോപകരണങ്ങൾ എന്നതിൽ കവിഞ്ഞ സ്ഥാനമൊന്നും അവർ അർഹിക്കുന്നില്ല എന്നു വ്യക്തമാക്കുന്ന നിരവധി വചനങ്ങൾ മതഗ്രന്ഥങ്ങളിൽ കിടപ്പുണ്ട്. "നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതുകൊണ്ട് നിങ്ങൾ ഇച്ഛിക്കുന്ന വിധം നിങ്ങളുടെ കൃഷി സ്ഥലത്തു ചെല്ലുക'' (ഖുർആൻ 2:223).ഭാര്യയ്ക്കു ചേതനയുള്ള മാനുഷിക പരിഗണനപോലും നല്കാതെ, അചേദന വസ്തുവായ കൃഷിസ്ഥലത്തോടാണ് അവരെ ഉപമിച്ചിട്ടുള്ളത്. കൃഷിയിടങ്ങളിൽ എങ്ങനെ കൃഷിചെയ്യണം, എപ്പോൾ വിളവിറക്കണം, ഏതു തരം വിത്ത് വിതക്കണം എന്നൊക്കെ നിശ്ചയിക്കാൻ കൃഷി സ്ഥലത്തിനു അവകാശമില്ലാത്തതു പോലെ സ്ത്രീക്ക് സ്വയനിർണ്ണയാവകാശമോ, അധികാരമോ ഇല്ലെന്നു അസന്നിഗ്ദമായി പ്രഖ്യാപിക്കുകയാണ് അല്ലാഹു ഈ വചനത്തിലൂടെ. ഇനി മറ്റൊരു ഭാഗത്തു പറയുന്നു: "(വൈവാഹിക ജീവിതത്തിൽ) പുരുഷന്മാർക്കു സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുണ്ട്. (അങ്ങനെ നിശ്ചയിച്ചതു) അവരിൽ ചിലർക്കു ചിലരെക്കാൾ (അതായത് പുരുഷന്മാർക്കു സ്ത്രീകളെക്കാൾ) ചില വൈശിഷ്ട്യങ്ങൾ അല്ലാഹു നല്കിയതു കൊണ്ടാണ്. (അതിനു പുറമെ, സ്ത്രീകൾക്കു വേണ്ടി) പരുഷന്മാർ തങ്ങളുടെ ധനത്തിൽ നിന്നു ചെലവു ചെയ്യുന്നതുകൊണ്ടുമാണ്. അപ്പോൾ, അനുസരണശീലമുള്ളവരും (ഭർത്താവിന്റെ) അസാന്നിദ്ധ്യത്തിൽ അല്ലാഹു സംരക്ഷിക്കുവാൻ കല്പിച്ചിട്ടുള്ളതനുസരിച്ചു (ഭർത്താവിന്റെ താത്പര്യങ്ങൾ മുഴുവനും) സംരക്ഷിക്കുന്നവരുമാണ് ഉത്തമസ്ത്രീകൾ. എന്നാൽ, അനുസരണക്കേട് കാണിക്കുമെന്നു നിങ്ങൾ ഭയപ്പെടുന്ന സ്ത്രീകൾക്കു ഉപദേശം നല്കുക. (അത് ഫലിച്ചില്ലെങ്കിൽ) ശയനസ്ഥലങ്ങളിൽ അവരിൽ നിന്നു അകന്നിരിക്കുക. (അതുകൊണ്ടും കാര്യം ശരിപ്പെടുന്നില്ലെങ്കിൽ അവരെ (ഉയർത്തേണ്ടതിനു) അടിക്കുക. എന്നിട്ടവർ നിങ്ങൾക്കു കീഴ്പ്പെട്ടു കഴിഞ്ഞാൽ, അവരുടെ പേരിൽ (കൂടുതൽ

**യേശുവിന്റെ കാലത്ത് മതാനുഷ്ഠാനങ്ങളിൽ നിന്നും സ്ത്രീയെ പൂർണ്ണമായും ഒഴിവാക്കിയിരുന്നു. സ്ത്രീയെ പഠിപ്പിക്കുന്നതിനെക്കാൾ തോറയെ ചുടുകയാണ് നല്ലതെന്നു യെരുശലേം തൽമൂദ് പറയുന്നു. യഹൂദന്മാരുടെ പള്ളികളിൽ സ്ത്രീകളുടെ സ്ഥാനം മറയ്ക്കു പിന്നിലായിരുന്നു. എന്നാൽ, ക്രിസ്തു ഇവയെയെല്ലാം തിരുത്തി സ്ത്രീക്കു സമൂഹത്തിൽ മാന്യത നല്കി.**

**“കല്പന ഒരു ദീപവും ഉപദേശം ഒരു വെളിച്ചവും പ്രബോധനത്തിന്റെ ശാസനകൾ ജീവന്റെ മാർഗ്ഗവും ആകുന്നു.”** ( സദൃശ്യവാക്യങ്ങൾ 6:23)

മുഹമ്മദ് നബിയുടെ പിതൃവ്യനായിരുന്നു അബൂലഹബ് എന്ന പേരിൽ പില്ക്കാലത്ത് അറിയപ്പെട്ട അബ്ദുൽ ഉസ്സാ. അബൂലഹബിനെയും അദ്ദേഹത്തിന്റെ ഭാര്യയേയും പറ്റി അല്ലാഹു പറയുന്നതുകൂടെ കാണുക: “അബൂലഹബിന്റെ ഇരു കൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവന്റെ ധനമോ അവൻ സമ്പാദിച്ചു വെച്ചതോ അവന്നു ഉപകാരപ്പെട്ടില്ല. തീജ്ജ്വാലകളുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്. വിറകു ചുമട്ടുകാരിയായ അവന്റെ ഭാര്യയും. അവളുടെ കഴുത്തിൽ ഈത്തപ്പന നാരുകൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും” (ഖുർആൻ 111:1–5).

വിറകു ചുമട്ടുകാരി എന്ന വാക്ക് അക്കാലത്ത് സ്ത്രീകളെ ചീത്തവിളിക്കാനുപയോഗിച്ചിരുന്ന ഏറ്റവും നീചമായ പ്രയോഗങ്ങളിലൊന്നായിരുന്നു എന്നാണ് ശ്രീ. ഇ. എ. ജബ്ബാർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (‘‘ഞാൻ എന്തുകൊണ്ട് മുസ്ലീമല്ല?” പേജ് 23).

ജീവിച്ചിരിക്കെ സ്വാതന്ത്ര്യവും സ്വസ്തതയും ലഭിക്കാതെ പുരുഷാധിപത്യത്തിനും മർദ്ദനത്തിനും ശാപത്തിപും വിധേയപ്പെടുന്ന സ്ത്രീകൾക്കു മരണാനന്തരം ഭവിക്കുന്ന അവസ്ഥയും ഒട്ടും ആശാവഹമല്ല. “ഉസാമ (റ) പറയുന്നു: തിരുമേനി (സ) അരുളി: “ഞാൻ സ്വർഗ്ഗകവാടത്തിൽ നിന്നു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അതിൽ പ്രവേശിച്ചവരിൽ ഭൂരിപക്ഷം അഗ

നടപടിയെടുക്കുവാൻ) മാർഗ്ഗമന്വേഷിക്കരുത്. (നിങ്ങളോർക്കണം:) അല്ലാഹു (നിങ്ങളെക്കാൾ) ഉന്നതനും വലിയവനുമാകുന്നു” (ഖുർആൻ 4:34). വിവാഹമൂല്യം കൈപ്പറ്റി ദാമ്പത്യത്തിൽ പ്രവേശിക്കുന്നതോടെ സ്വന്തം ശരീരം പോലും അന്യമായിത്തീരുന്ന ഒരു സ്ത്രീക്കു കുടുംബത്തിനകത്ത് ലഭിക്കുന്ന പദവി എന്താണെന്നു ഈ ഖുർആൻ വാക്യം ഓർമ്മിപ്പിക്കുന്നു. യജമാനനെ നിരുപാധികം അനുസരിക്കുന്ന ഒരടിമയുടെ സ്ഥാനം മാത്രമേ അല്ലാഹു അവർക്കു അനുവദിക്കുന്നുള്ളു. സംസ്ക്കാരമുള്ള വരാരും ഇക്കാലത്തു ഭാര്യമാരെ തല്ലാൻ മുതിരുകയില്ല. സ്ത്രീയും പുരുഷനും തുല്യ അവകാശമുള്ള വ്യക്തികളാണെന്നും ഒരു വ്യക്തി മറ്റൊരു വ്യക്തിയെ ശാരീരികമായി കൈയേറ്റം ചെയ്യുന്നത് ക്രിമിനൽ കുറ്റമാണെന്നും ആധുനിക സമൂഹം കരുതുന്നു. പക്ഷെ, ഖുർആൻ വായിക്കുമ്പോൾ ഇതിനെക്കുറിച്ചൊന്നും അറിയാത്ത വ്യക്തിയാണ് അല്ലാഹു എന്നാണ് തോന്നുക. എന്നാൽ, ദാമ്പത്യത്തിൽ പ്രവേശിക്കുന്ന സ്ത്രീക്കു ബൈബിൾ നല്കുന്ന പരിഗണന നോക്കുക: “അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു” (എഫെസ്യർ 5:28). “അങ്ങനെ തന്നെ ഭർത്താക്ക്മാരേ, നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കം വരാതിരിക്കേണ്ടതിനു വിവേകത്തോടെ വസിച്ച്, സ്ത്രീ ജനം ബലഹീനപാത്രമെന്നും അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നും ഓർത്ത് അവർക്കു ബഹുമാനം കൊടുപ്പിൻ” (1 പത്രോസ് 3:7).

തികളായിരുന്നു.......ഞാൻ നരകകവാടത്തിൽ ചെന്നുനിന്നു നോക്കുമ്പോൾ അതിൽ പ്രവേശിക്കുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്" (സഹീഹുൽ ബുഖാരി, ഹദീസ് നമ്പർ 1812, പരിഭാഷ സി. എൻ. അഹമ്മദ് മൗലവി, പേജ് 900).

"അബൂസ ഈദുൽ ഖുദ്രി (റ) പറയുന്നു: ഒരിക്കൽ തിരുമേനി വലിയ പെരുന്നാൾ ദിവസം അല്ലെങ്കിൽ ചെറിയ പെരുന്നാൾ ദിവസം നമസ്ക്കാര മൈതാനത്ത് (നമസ്ക്കാരാനന്തരം) സ്ത്രീകളുടെ അടുക്കലേക്കു വന്നു. അവിടെ വെച്ച് അരുളി: സ്ത്രീസമൂഹമേ നിങ്ങൾ ദാനധർമ്മങ്ങൾ ചെയ്യുക. നരകവാസികളിൽ അധികമാളുകളെയും സ്ത്രീകളായിട്ടാണ് ഞാൻ കണ്ടിരിക്കുന്നത്. തിരുമേനി എന്താണിങ്ങനെ സംഭവിക്കാൻ കാരണം? ആ സ്ത്രീകൾ ചോദിച്ചു. തിരുമേനി അരുളി: അവർ മറ്റുള്ളവരെ കൂടുതൽ ശപിച്ചുകൊണ്ടും ശകാരിച്ചുകൊണ്ടുമിരിക്കും. മാത്രമല്ല, ഭർത്താക്കന്മാരോട് നന്ദികേട് കാണിക്കുകയും ചെയ്യും. ദൃഢചിത്തരായ പുരുഷന്മാരുടെ ഹൃദയങ്ങളെ ഇളക്കുവാൻ ബുദ്ധിയും ദീനും കുറഞ്ഞ നിങ്ങളേക്കാൾ കഴിവുള്ളവരെ ഞാൻ കണ്ടിട്ടില്ല. സ്ത്രീകൾ ചോദിച്ചു: തിരുമേനീ ബുദ്ധിയിലും ദീനിലും ഞങ്ങൾക്കെന്താണ് കുറവ്? തിരുമേനി അരുളി: സ്ത്രീയുടെ സാക്ഷ്യത്തിനു അരപുരുഷന്റെ സാക്ഷ്യത്തിന്റെ സ്ഥാനമല്ലേ കല്പിക്കുന്നുള്ളു? അവർ പറഞ്ഞു: അതെ. തിരുമേനി അരുളി: അവർക്കു ബുദ്ധി കുറവാണെന്നതിന്റെ ലക്ഷണങ്ങളിൽ ഒന്നാണത്. ആർത്തവമുണ്ടായാൽ സ്ത്രീ നമസ്ക്കാരവും നോമ്പും ഉപേക്ഷിക്കുന്നില്ലേ? അവർ പറഞ്ഞു: അതെ. തിരുമേനി അരുളി: ദീൻ കുറവായതിന്റെ ലക്ഷണങ്ങളിലൊന്നാണത്" (സഹീഹുൽ ബുഖാരി, ഹദീസ് നമ്പർ 203, പേജ് നമ്പർ 253).

മുകളിൽ ചൂണ്ടിക്കാണിച്ച ചരിത്രരേഖകളിൽ സ്ത്രീക്കു അസ്ഥിത്വവും വ്യക്തിത്വവും മാന്യതയും നല്കുന്നത് ഇസ്ലാമിക മതഗ്രന്ഥങ്ങളോ അതോ, ബൈബിളോ? ഇതിൽ നിന്നു നമുക്കു ഗ്രഹിക്കാൻ കഴിയുന്നത് ബൈബിളാണെന്നു തന്നെ. ബൈബിൾ ഇന്നും സ്ത്രീക്കു മാന്യത നല്കി അവളെ ഉയർത്തിക്കൊണ്ടിരിക്കുന്നു. സ്ത്രീക്കു മാത്രമല്ല, പുരുഷനുൾപ്പെടെയുള്ള സമസ്ത ജനത്തിനും മാനഥത നല്കുകയും ചെയ്യുന്നു. "അതിൽ യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, സ്ത്രീയും പുരുഷനും എന്നുമില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ!" (ഗലാത്യർ 3:28).

**ഈസായെ അയച്ചതും തൗറാത്തും (പഴയനിയമം) ഇൻജീലും (പുതിയനിയമം) നല്കിയതും അല്ലാഹുവാണെന്നുള്ളത് ഇസ്ലാമിന്റെ വിശ്വാസമാണ്. ക്രൈസ്തവർക്കു അത് സ്വീകാര്യമല്ല. കാരണം, അല്ലാഹുവും ബൈബിൾ വെളിപ്പെടുത്തുന്ന ഏകസത്യ ദൈവവും രണ്ടും രണ്ടാണ്.**

**സീക്കേഴ്സ് പാത്ത്** മാസികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.

**"യഹോവയുടെ ന്യായപ്രമാണം തികവുള്ളത്; അതു പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു; അത് അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു."** (സങ്കീർത്തനങ്ങൾ 19:7)

# ബൈബിളിന്റെ പരിശുദ്ധി ഖുർ ആനിൽ നിന്നും കൂടുതൽ തെളിവുകൾ.

കെ.വി. സെബാസ്റ്റ്യൻ

ബൈബിളിന്റെ പരിശുദ്ധിയെ ഖുർ ആനും ആദ്യകാല ഇസ്ലാമിക പണ്ഡിതരും ഉച്ചൈസ്തരം പ്രഘോഷിച്ചിട്ടുണ്ടെന്ന വസ്തുത കഴിഞ്ഞ ലക്കത്തിൽ ( സുവിശേഷങ്ങളുടെ വിശ്വാസ്യതയും മുസ്ലീം 'തിരുത്തൽ' വാദത്തിന്റെ ഉത്ഭവവും) തെളിവുകൾ സഹിതം വ്യക്തമാക്കിയിരുന്നല്ലോ. ഖുർആൻ വാക്യങ്ങളുടെ വ്യാഖ്യാനത്തിൽ ക്രൈസ്തവ വിരുദ്ധ തിമിരം മുറ്റിയ മുസ്ലീംമത സംവാദകർ കള്ളത്തരം കാണിക്കുകയാണെന്നും അതുവഴി, സ്വതവേ നല്ലവരും സാധുക്കളുമായ മുസ്ലീംസഹോദരങ്ങളെ അവർ വഴിതെറ്റിക്കുകയാണെന്നും ആ പഠനത്തിൽ വിശദമാക്കിയിരുന്നു. ഇസ്ലാമിന്റെ മൂലരേഖ പഠിക്കാനും ഖുർആനിക വാക്യങ്ങളെ സ്വതന്ത്ര മനസ്സോടെ വിശകലനം ചെയ്യാനും അവസരം ലഭിക്കാതെ പോകുന്ന സാധാരണ മുസ്ലീം വിശ്വാസികളുടെ മനസ്സുകളെ തന്ത്രപൂർവ്വം ഹൈജാക്കു ചെയ്യുവാൻ അവർക്കു കഴിഞ്ഞു. ( 11-ാം നൂറ്റാണ്ടിൽ ഇബ്ൻ ഖാസിമാണ് ബൈബിൾ വിരുദ്ധ പ്രചരണങ്ങൾക്കു തുടക്കമിട്ടതെന്ന് കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ചല്ലോ.) അവരുടെ നിഷേധാത്മകമായ സമീപനങ്ങളെ കുറെയൊക്കെ തുറന്നുകാട്ടാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ, ഇപ്പോഴും ക്രൈസ്തവ വാദങ്ങളോടു മറുതലിച്ചു നില്ക്കുന്ന പല വായനക്കാരുമുണ്ട്. ചില ഖുർ ആൻ വാക്യങ്ങൾ ഉദ്ധരിച്ചുതന്നെ അവർ പ്രതികരിച്ചു. അവർ പ്രധാനമായും ചൂണ്ടിക്കാട്ടിയ വാക്യങ്ങൾ പരിശോധിക്കാനും അവരുടെ നിലപാടുകൾ വിശകലനം ചെയ്യാനുമാണ് ഇവിടെ ശ്രമിക്കുന്നത്.

**1. സൂറാ 2:41,42.**

وَآمِنُوا بِمَا أَنزَلْتُ مُصَدِّقًا لِّمَا مَعَكُمْ وَلَا تَكُونُوا أَوَّلَ كَافِرٍ بِهِ وَلَا تَشْتَرُوا بِآيَاتِي ثَمَنًا قَلِيلًا وَإِيَّايَ فَاتَّقُونِ ﴿٤١﴾

وَلَا تَلْبِسُوا الْحَقَّ بِالْبَاطِلِ وَتَكْتُمُوا الْحَقَّ وَأَنتُمْ تَعْلَمُونَ ﴿٤٢﴾

".(ഇസ്രായേൽ മക്കളേ) ".. .. .. എന്റെ സന്ദേശങ്ങളെ തുച്ഛവിലയ്ക്ക് വില്ക്കാതിരിക്കുക, എന്നോടു സൂക്ഷ്മതയോടെ വർത്തിക്കുക, സത്യവും അസത്യവും കൂടി കുഴക്കരുത്. ബോധപൂർവ്വം സത്യം മറച്ചുവയ്ക്കുകയും അരുത്."

**2. സൂറാ 2:75.**

أَفَتَطْمَعُونَ أَن يُؤْمِنُوا لَكُمْ وَقَدْ كَانَ فَرِيقٌ مِّنْهُمْ يَسْمَعُونَ كَلَامَ اللَّهِ ثُمَّ يُحَرِّفُونَهُ مِن بَعْدِ مَا عَقَلُوهُ وَهُمْ يَعْلَمُونَ ﴿٧٥﴾

".. .. അവരിൽ ഒരു വിഭാഗം അല്ലാഹുവിന്റെ വാക്കുകൾ കേൾക്കുകയും എന്നിട്ടതു നന്നായി ഗ്രഹിച്ച ശേഷം അതിനെ ബോധപൂർവ്വം വളച്ചൊടിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണല്ലോ.. .. .."

**3. . സൂറാ 2:79.**

فَوَيْلٌ لِّلَّذِينَ يَكْتُبُونَ الْكِتَابَ بِأَيْدِيهِمْ ثُمَّ يَقُولُونَ هَٰذَا مِنْ عِندِ اللَّهِ لِيَشْتَرُوا بِهِ ثَمَنًا قَلِيلًا فَوَيْلٌ لَّهُم مِّمَّا كَتَبَتْ أَيْدِيهِمْ وَوَيْلٌ لَّهُم مِّمَّا يَكْسِبُونَ ﴿٧٩﴾

".. .. .. സ്വഹസ്തങ്ങൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും അതു വിറ്റ് തുച്ഛവില നേടാനായി അത് അല്ലാഹുവിൽ നിന്നുള്ള കല്പനയാണെന്നു പറയുകയും ചെയ്യുന്നവർക്കു നാശം."

**4. സൂറാ 2: 146.**

الَّذِينَ آتَيْنَاهُمُ الْكِتَابَ يَعْرِفُونَهُ كَمَا يَعْرِفُونَ أَبْنَاءَهُمْ وَإِنَّ فَرِيقًا مِّنْهُمْ لَيَكْتُمُونَ الْحَقَّ وَهُمْ يَعْلَمُونَ ﴿١٤٦﴾

"അവരിൽ (മുമ്പു വേദം ലഭിച്ചവരിൽ) ഒരു വിഭിഗം ബോധപൂർവ്വം സത്യം മറച്ചു വെക്കുകയാണ്"

**5. സൂറാ 3:71.**

يَا أَهْلَ الْكِتَابِ لِمَ تَلْبِسُونَ الْحَقَّ بِالْبَاطِلِ وَتَكْتُمُونَ الْحَقَّ وَأَنتُمْ تَعْلَمُونَ ﴿٧١﴾


"വേദക്കാരെ, നിങ്ങളെന്തിനു സത്യത്തെ അസത്യവുമായി കൂട്ടി കുഴക്കുകയും സത്യം മനഃപൂർവ്വം മറച്ചു വക്കുകയും ചെയ്യുന്നു?"

**6. സൂറാ 3:78.**

وَإِنَّ مِنْهُمْ لَفَرِيقًا يَلْوُونَ أَلْسِنَتَهُم بِالْكِتَابِ لِتَحْسَبُوهُ مِنَ الْكِتَابِ وَمَا هُوَ مِنَ الْكِتَابِ وَيَقُولُونَ هُوَ مِنْ عِندِ اللَّهِ وَمَا هُوَ مِنْ عِندِ اللَّهِ وَيَقُولُونَ عَلَى اللَّهِ الْكَذِبَ وَهُمْ يَعْلَمُونَ ﴿٧٨﴾


ജൂതന്മായിൽ ഒരുവിഭാഗം വേദ (പാരായണ) ത്തിൽ ( ഉറക്കെ വായിക്കുന്ന വേളയിൽ - ലേഖകൻ) തെറ്റിദ്ധരിപ്പിക്കാനായി നാവ് വള ച്ചൊടിക്കുന്നു. അത് ( അവർ വായിക്കുന്നത്) ഗ്രന്ഥത്തിൽ ഉള്ളതാണെന്നു നിങ്ങൾ കരുതുന്നതിനാണിങ്ങനെ ചെയ്യുന്നത്. യഥാർത്ഥത്തിൽ അത് ഗ്രന്ഥത്തിൽ പെട്ടതല്ല."

**7. സൂറാ 4:46.**




"ജൂതന്മാരിൽ ചിലർ (വാക്കുകൾക്കു തെറ്റായ അർത്ഥം കിട്ടുന്നതിനു വേണ്ടി) വാക്കുകളിലെ അക്ഷരങ്ങളെ യഥാസ്ഥാനത്തു നിന്നു തെറ്റിക്കാറുണ്ട്." ( വായിക്കുമ്പോൾ സ്വരഭേദം വരുത്തി ഉച്ചാരണം വ്യത്യസ്തമാക്കുന്നു. ഉദാ: ''റൗഇന'' (ഞങ്ങളെ അനുകമ്പയോടെ നോക്കുക) എന്നതിനു "റാഈന"(ഞങ്ങളുടെ ഇടയൻ) എന്നു മാറ്റുന്നു.)

**8. സൂറാ 5:13.**




"പിന്നീട് ജൂതർ ( ജൂതരിൽ ചിലർ) തങ്ങളുടെ പ്രതിജ്ഞ ലംഘിച്ചതു നിമിത്തം നാമവരെ ശപിക്കുകയും അവരുടെ ഹൃദയം കഠിനമാക്കുകയും ചെയ്തു. അവർ അക്ഷരങ്ങൾ അവയുടെ യഥാസ്ഥാനത്തു നിന്നു മാറ്റുകയും അവരെ ഓർമ്മപ്പെടുത്തിയതിൽ ഒരു ഭാഗം വിസ്മരിച്ചുകളയുകയും ചെയ്തു."

യഹൂദരെ കുറ്റപ്പെടുത്താനായി മുസ്ലീം പക്ഷത്തു നിന്നും ചൂണ്ടിക്കാട്ടിയ ഈ ഖുർആൻ വാക്യങ്ങളെ സസൂക്ഷ്മം പരിശോധിച്ചാൽ ഒന്നിൽ പോലും ബൈബിളിന്റെ പരിശുദ്ധിയെ ഖണ്ഡിക്കുന്ന ഒരു പ്രസ്താവനയും കാണാൻ കഴിയുകയില്ല എന്നത് പകൽ പോലെ വ്യക്തമാണ്. നമ്മൾ കഴിഞ്ഞ ലക്കത്തിൽ ചൂണ്ടിക്കാട്ടിയ വസ്തുതകൾ ഒരിക്കൽക്കൂടി സ്ഥാപിക്കാനാണ് വിമർശകർ ഉന്നയിച്ച വാക്യങ്ങൾ ഉപകരിക്കുക. വാക്യങ്ങളുടെ ഉള്ളടക്കം ഓരോന്നും വിശകലനം ചെയ്താൽ അതു കൂടുതൽ വ്യക്തമാകും.

* യഹൂദരെ ഒന്നടങ്കം ഖുർആൻ കുറ്റപ്പെടുത്തുന്നില്ല മറിച്ച്, അവരിലെ ഒരു ചെറിയ വിഭാഗം ദൈവവചനം വളച്ചൊടിക്കുകയോ മറച്ചുവെയ്ക്കുകയോ ചെയ്തതായാണു പറയുന്നത്. (Ref: 2:75; 2:146; 3:78) അതായത്, വചനത്തോട് വിശ്വസ്തത പുലർത്തിയ വലിയ വിഭാഗം (ബഹുഭൂരിപക്ഷം) യഹൂദർ വേറെയുണ്ടായിരുന്നു എന്നർത്ഥം.

* യഹൂദരിൽ ഏതാനും ചിലർ മാത്രമാണ് വേദപാരായണ വേളയിൽ നാവിനെ മനഃപൂർവ്വം ദുരുപയോഗിച്ച് അർത്ഥവ്യതിയാനം വരത്തക്കവിധം ഉപയോഗിച്ചത്. സ്വരാക്ഷരങ്ങളോ, ചിഹ്നങ്ങളോ (Vowals and diacritieal points) യഥാസ്ഥാനത്തു നിന്നു വ്യതിചലിപ്പിച്ച് തെറ്റിദ്ധാരണ പരത്താൻ അവർ ശ്രമിച്ചു.(Ref:3:78; 4:46; 5:13). എന്നാൽ യഥാർത്ഥ വാക്കുകൾ അതേപടി

# സീക്കേഴ്സ് പാത്ത്

> **"ആകാശം ദൈവത്തിന്റെ മഹത്ത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു'.'**
>
> (സങ്കീർത്തനങ്ങൾ 19:1)

വേദഗ്രന്ഥത്തിലുണ്ട്.

* യഹൂദരിൽ ചിലർ മുഹമ്മദുമായുള്ള ഇടപാടുകളിൽ വേദത്തിലെ ചില കല്പനകൾ മറച്ചുവെയ്ക്കുന്നു. എന്നാൽ, വേദഗ്രന്ഥത്തിൽ ഒരു കുഴപ്പവും കൂടാതെ ആ കല്പനകൾ നിലനില്ക്കുന്നതിനാൽ യാഥാർത്ഥ്യം കണ്ടെത്താൻ പറ്റും. ( Ref: 2:42; 2:146; 3:71).

വേദം മറച്ചുവെച്ചു എന്ന ഈ കുറ്റപ്പെടുത്തലിനു നിദാനമായ സംഭവം കൂടി പരിശോധിക്കുന്നത് ഉചിതമായിരിക്കും. ഒരു യഹൂദാ പ്രമാണി വ്യഭിചാരത്തിൽ പിടിക്കപ്പെട്ടു. വ്യഭിചാരത്തിനുള്ള ശിക്ഷ പഴയനിയമത്തിൽ കല്ലെറിഞ്ഞു കൊല്ലലാണല്ലോ. എന്നാൽ. പ്രമാണിമാരെ രക്ഷിക്കുവാൻ വേണ്ടി കൂട്ടുകാർ തൗറാത്തിലെ ആ ശിക്ഷ മുഹമ്മദിനു മുമ്പിൽ മറച്ചുപിടിച്ചു. എന്നാൽ, വേദഗ്രന്ഥത്തിൽ ആ കല്പന അതേപടി ഉണ്ടായിരുന്നതിനാൽ അവരുടെ ശ്രമം പരാജയപ്പെട്ടു.

പഴയനിയമത്തിൽ ഈ കല്പന ഒരു മാറ്റവും കൂടാതെ ഇന്നും നിലില്ക്കുന്നു. വിചിത്രമെന്നു പറയട്ടെ, മുഹമ്മദിനു കിട്ടിയ ഖുർആനിൽ ഈ കല്പന ആദ്യം ഉണ്ടായിരുന്നെങ്കിലും ഉസ്മാന്റെ പകർപ്പെടുക്കലിനു വളരെ മുമ്പു തന്നെ കല്ലെറിഞ്ഞു കൊല്ലലിന്റെ വാക്യം ഖുർആനിൽ നിന്നു അപ്രത്യക്ഷമായി. ഇബ്ൻ ഇഷാഖ്, ബുഖാരി എന്നിവർ ഇതു സൂചിപ്പിച്ചിട്ടുണ്ട്. ഇന്നുള്ള ഖുർആനിൽ വ്യഭിചാരത്തിനുള്ള ശിക്ഷ അടിയാണ്. മോശയ്ക്കു ശേഷം സഹസ്രാബ്ദങ്ങൾ കഴിഞ്ഞിട്ടും പഴയനിയമഗ്രന്ഥത്തിലെ വാക്യത്തിനു ഒരു മാറ്റവും വരാതെ യാഹ്വെ സംരക്ഷിച്ചു. എന്നാൽ മുഹമ്മദിന്റെ കാലത്തു തന്നെയോ, മുഹമ്മദിനു ശേഷം ഏതാനും വർഷങ്ങൾക്കുള്ളിലോ ഖുർആനിൽ നിന്നു അല്ലാഹുവിന്റെ ഒരു സുപ്രധാന കല്പന വെട്ടി മാറ്റപ്പെട്ടു. യഹൂദരിൽ ചിലർ വേദം കൈകൊണ്ട് മറച്ചു പിടിച്ചതേയുള്ളു. ആദ്യകാല മുസ്ലീം സമൂഹം തങ്ങളുടെ വേദഭാഗങ്ങൾ അപ്പാടെ വെട്ടിമൂടി എന്നർത്ഥം. ആരാണ് വലിയ കുറ്റക്കാർ?

ചില യഹൂദർ വേദഭാഗങ്ങൾ മറന്നു കളയുന്നത് അവരുടെ ഹൃദയകാഠിന്യം നിമിത്തമാണെന്നു ഖുർആൻ കുറ്റപ്പെടുത്തുന്നുണ്ട്. ഖുർആനും 6 നൂറ്റാണ്ടുകൾക്കു മുമ്പ് യഹൂദാ പ്രമാണിമാരെ അവരുടെ ഹൃദയകാഠിന്യത്തിന്റെ പേരിലും കല്പനയുടെ അന്തഃസ്സത്ത ഉൾക്കൊള്ളാത്തതിന്റെ പേരിലും വിമർശിച്ച യേശുവിന്റെ വാക്കുകളുടെ അനുകരണമാണ് നാമിവിടെ കാണുന്നത്. എന്നാൽ യഹൂദർ കല്പനകളുടെ അന്തഃസ്സത്ത ചോർത്തിയതല്ല, വേദപാഠങ്ങൾ മനഃപാഠം ചൊല്ലാത്തതാണ് ഖുർആനിക വിമർശനത്തിനു നിദാനം എന്ന വൈചിത്ര്യം കൂടി നാം കാണാതിരുന്നു കൂടാ. (വേദഭാഗം മനഃപാഠം ചൊല്ലലാണോ അവയുടെ ആന്തരീകസത്ത ഹൃദയത്തിൽ സാംശീകരിക്കുകയാണോ പ്രധാനം?) ഹൃദയത്തിൽ ചലനം സൃഷ്ടിക്കാത്ത ഒരു വേദവാക്യം അധരത്തിൽ മാത്രം നിലനിന്നിട്ടെന്തു കാര്യം?

വേദവാക്യങ്ങൾ പരമാവധി പഠിക്കുക എന്നത് പ്രധാനപ്പെട്ട ഒരു കാര്യം തന്നെ. അതു പൂർണ്ണമായി ഓർമ്മയിൽ സൂക്ഷിക്കുന്നതും വളരെ നല്ലത്. പക്ഷെ, ഖുർആന്റെ നാലിരട്ടിയിലേറെ വലിപ്പമുള്ള ഗ്രന്ഥമാണു പഴയനിയമം എന്നു നാം ഓർക്കണം. ഗ്രന്ഥത്തിലെ കാവ്യഭാഗങ്ങൾ (സങ്കീർത്തനങ്ങൾ തുടങ്ങിയവ) പൊതുവെ യഹൂദർ മനഃപാഠമാക്കിയിരുന്നെങ്കിലും ഇതര ഗദ്യഭാഗങ്ങൾ പൂർണ്ണമായും ഓർമ്മയിൽ സൂക്ഷിക്കുക പലർക്കും പ്രയാസമായിരുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. എന്നാൽ ഗ്രന്ഥത്തിലെ ഒരു വാക്കു പോലും നഷ്ടപ്പെടാതെ അതു സംരക്ഷിക്കപ്പെടുന്നതിനാൽ ദൈവവചനം നിരന്തരം വായിച്ച് ധ്യാനിക്കുന്നതിനു അവർക്കു തടസ്സമുണ്ടായിരുന്നില്ല. ഇന്നുമില്ല.

ആടു തിന്നു കളഞ്ഞു എന്നുവരെ പറയപ്പെടുന്നു). ആരൊക്കെയോ മറന്നുകളഞ്ഞ ഈ വാക്യങ്ങൾ ഇനി എവിടെന്നു കണ്ടെത്താൻ?

ചില യഹൂദർ വേദഗ്രന്ഥം വായിക്കുമ്പോൾ ചില വാക്കുകളുടെ സ്വരാക്ഷരങ്ങളോ ചിഹ്നങ്ങളോ (അറിഞ്ഞൊ, അറിയാതേയോ) മാറ്റി ശ്രോതാക്കളെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു എന്നു ഖുർആൻ കുറ്റപ്പെടുത്തുന്നുണ്ട്. സെമിറ്റിക് ഭാഷകളുടെ (ഹീബ്രു, അറമായ, അറബി) പ്രത്യേകത കൂടി നാം ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരക്ഷരത്തോടു ചേർന്നുള്ള വള്ളിയോ, പുള്ളിയോ (Declaration mark) അല്പമൊന്നു അരികിലേക്കോ, മുകളിലേക്കോ മാറിയാൽ ഉച്ചാരണത്തിലോ അർത്ഥത്തിലോ മാറ്റങ്ങൾ വരാം. അതുകൊണ്ടു തന്നെ യഹൂദർ പഴയ

**യഹൂദരിൽ ഒരു വിഭാഗം ബൈബിളിൽ പെടാത്ത ചില ഗ്രന്ഥങ്ങൾക്ക് (സ്വയം എഴുതിയുണ്ടാക്കിയ കൃതികൾക്ക്) ദൈവികത അവകാശപ്പെട്ടു എന്ന ഖുർആനിക ആക്ഷേപവും യേശുവിന്റെ വാക്കുകളുടെ അനുരണനമാണ്. യഹൂദാ പാരമ്പര്യങ്ങളും ചട്ടങ്ങളുമൊക്കെ വിവരിക്കുന്ന പല ഗ്രന്ഥങ്ങൾ അവർക്കുമുണ്ട്.**

പക്ഷെ, യഹൂദരെ വേദഭാഗങ്ങൾ മനഃപാഠം ചൊല്ലുന്നതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ ഇന്നും കുറ്റപ്പെടുത്തുന്നവർ മനഃപൂർവ്വം മറന്നുകളയുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്. ഖുർആനിൽ ആദ്യം 6666 വാക്യങ്ങൾ ഉണ്ടായിരുന്നത്രേ. എന്നാൽ ഇന്നത്തെ ഖുർആനിൽ 6200ൽ പരം വാക്യങ്ങൾ മാത്രമേയുള്ളു. (എണ്ണം പല രേഖകളിലും വ്യത്യസ്തമാണ്.) 400 ൽ പരം വാക്യങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു എന്നർത്ഥം. ഇന്നത്തെ ഖുർആനിൽ ഏറ്റവും വലിയ അദ്ധ്യായമായ അൽബഖ്റ (രണ്ടാം അദ്ധ്യായം) യേക്കാൾ വലിയ ഒരു സൂറ യഥാർത്ഥ ഖുർആനിൽ ഉണ്ടായിരുന്നതായും എന്നാൽ എങ്ങനെയോ അതു നഷ്ടപ്പെട്ടതായും ആധികാരിക ഇസ്ലാമിക രേഖകളിൽ സൂചനയുണ്ട്. (ഖുർആനിന്റെ ഒരു ഭാഗം

നിയമം വായിക്കുമ്പോഴും പകർത്തി എഴുതുമ്പോഴും വളരെ ശ്രദ്ധിച്ചിരുന്നു. എന്നാൽ, വായിക്കുന്ന ഗ്രന്ഥത്തിന്റെ കാലപ്പഴക്കം മൂലം അക്ഷരങ്ങൾ മങ്ങിയതുകൊണ്ടോ, വായിക്കുന്ന ആളുടെ കാഴ്ചക്കുറവു കൊണ്ടോ, നോട്ടപ്പിശകോ മനഃപൂർവ്വം വരുത്തുന്ന വീഴ്ചയോ മൂലമോ ചിലപ്പോഴെങ്കിലും പാകപ്പിഴകൾ വന്നുകൂടാം. എന്നാൽ, വേദഗ്രന്ഥത്തിന്റെ ഒട്ടേറെ പ്രതികൾ സംശോധനയ്ക്കു ലഭ്യമായതിനാലും വേദഭാഗങ്ങൾ ജനങ്ങൾക്കു പരിചിതമായിരുന്നതിനാലും പിശകുകൾ കണ്ടെത്തുക എളുപ്പമായിരുന്നു. ഖുർആൻ അത്തരം പിശകുകളെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്.

ഖുർആനിന്റെ പാരായണ വേളയിൽ ഇതിനേക്കാൾ ഗുരുതരമായ പ്രശ്നങ്ങൾ

**" അവൻ ഭൂതലത്തിൽ മഴ പെയ്യിക്കുന്നു; വയലുകളിലേക്കു ജലം ഒഴുക്കുന്നു. അവൻ താണവരെ ഉയർത്തുന്നു; ദുഃഖിക്കുന്ന വരെ രക്ഷയിലേക്കു കയറ്റുന്നു."** (ഇയ്യോബ് 5:10,11)

ഉണ്ടായിട്ടുണ്ടെന്നു ഇസ്ലാമിക ചരിത്രം പഠിച്ചവർക്കറിയാം. ഖുർആൻ പലരും പല രീതിയിൽ ഓതിയെന്നും, അതു കേട്ടവർ പരസ്പരം തെറ്റാരോപിച്ചു കഴുത്തിനു കുത്തിപ്പിടിച്ചെന്നും ഒടുവിൽ സഹികെട്ട് മുഹമ്മദ് എല്ലാം ശരിയെന്നു വിധിച്ചു തടിതപ്പിയെന്നും ഇസ്ലാമിക രേഖകളിലുണ്ട്.

യഹൂദരിൽ ഒരു വിഭാഗം ബൈബിളിൽ പെടാത്ത ചില ഗ്രന്ഥങ്ങൾക്ക് ( സ്വയം എഴുതിയുണ്ടാക്കിയ കൃതികൾക്ക്) ദൈവികത അവകാശപ്പെട്ടു എന്ന ഖുർആനിക ആക്ഷേപവും യേശുവിന്റെ വാക്കുകളുടെ അനുരണനമാണ്. യഹൂദാ പാരമ്പര്യങ്ങളും ചട്ടങ്ങളുമൊക്കെ വിവരിക്കുന്ന പല ഗ്രന്ഥങ്ങൾ അവർക്കുമുണ്ട്. വാമൊഴി പാരമ്പര്യങ്ങൾ (മിഷ്നാ), റബ്ബിമാരുടെ വ്യാഖ്യാനങ്ങൾ (ഗമാറ) എന്നിവയടങ്ങിയ തൽമൂദ്, തൽമൂദിന്റെ പ്രായോഗിക വിശദീകരണങ്ങളടങ്ങിയ മിദ്രാഷിലെ ഹാളാഖാ (പെരുമാറ്റച്ചട്ടങ്ങൾ), ഹഗ്ഗാദ (ഉപദേശ സംഗ്രഹം) എന്നിവയെല്ലാം ഇതിനുദാഹരണങ്ങളാണ്. പ്രായോഗിക ജീവിതക്രമങ്ങൾക്ക് ഈ കൃതികൾ കുറെയൊക്കെ ഉപകരിച്ചിരുന്നുവെങ്കിലും ഈ കൃതികൾക്കു അമിതമായ പ്രസക്തി നല്കി പല യഹൂദരും വേദമൂല്യങ്ങളിൽ നിന്നകന്നതിനെ ഈശോ കർശനമായി ശാസിച്ചിട്ടുണ്ടല്ലോ. (മർക്കോസ് 7:5-13).

പക്ഷെ, ഖുർആനിൽ യഹൂദരെ കുറ്റപ്പെടുത്തിയ അതേ ദുരവസ്ഥയാണ് ഇന്ന് ആഗോള ഇസ്ലാമിക സമൂഹത്തിനും വന്നു ചേർന്നിരിക്കുന്നതെന്നാണ് വിചിത്ര്യമായ വസ്തുത. ഹദീസുകൾ, സീറകൾ, ശരിഅത്ത്, വ്യാഖ്യാനങ്ങൾ ഇവയുടെ സങ്കീർണ്ണവും ക്ലിഷ്ടവുമായ കെട്ടുപാടുകളിൽ മുസ്ലീം ജീവിതം തളച്ചിടപ്പെട്ടിരിക്കുന്നു. ഖുർആൻ മാത്രമായി അവർക്കു തുടരാനാവുന്നില്ല. യഹൂദർക്കു തങ്ങളുടെ പാരമ്പര്യ ഗ്രന്ഥങ്ങൾ (മിഷ്നായും മിദ്രാഷുമെല്ലാം) പരിപൂർണ്ണമായി ഉപേക്ഷിച്ചാലും വിശുദ്ധ വേദപുസ്തകം മാത്രം ആധാരമാക്കി അവർക്കു തങ്ങളുടെ വിശ്വാസ ജീവിതം നയിക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. എന്താണ് വിശ്വസിക്കേണ്ടതെന്നും എങ്ങനെയാണ് ജീവിക്കേണ്ടതെന്നും പരിപൂർണ്ണമായി അതിൽ വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെയാണ് മനുഷ്യരുടെ പാരമ്പര്യം ഉപേക്ഷിച്ചു ദൈവകല്പനകളിൽ ഉറച്ചു നില്ക്കുവാൻ ഈശോ അവരെ ഉപദേശിച്ചത്. എന്നാൽ, ഖുർആൻ മാത്രമായി ഒരു മുസ്ലീമിനു തന്റെ വിശ്വാസ ജീവിതം പുലർത്താനാവുകയില്ലെന്നത് തീർച്ചയാണ്. എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത് എന്നു പോലും അവനു തീരുമാനിക്കണമെങ്കിൽ പാരമ്പര്യങ്ങളെ പിന്തുടർന്നേ പറ്റൂ.

ചുരുക്കത്തിൽ, ഒരു ചെറിയ വിഭാഗം യഹൂദർക്കെതിരെ ഖുർആനിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങളെല്ലാം തന്നെ അനേക മടങ്ങ് ശക്തിയിൽ ബൂമറാംഗ് പോലെ ഇസ്ലാമിനു നേരെ തിരിച്ചടിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. മാത്രമല്ല, ഏതാനും യഹൂദർക്കെതിരെ മാത്രം ഉന്നയിക്കപ്പെട്ടിരിക്കുന്ന സൂചിത ആരോപണങ്ങളൊന്നും

തന്നെ മുസ്ലീങ്ങൾ പരമ്പരാഗതമായി ഉന്നയിക്കുന്ന ഗ്രാന്ഥിക തിരുത്തൽ (Textual correction) എന്ന ആക്ഷേപത്തെ ഒട്ടും ശരിവെക്കുന്നില്ല എന്നത് വളരെ വ്യക്തമാണ്. നേരെമറിച്ച്, അവ ബൈബിളിന്റെ പരിശുദ്ധി അടിവരയിട്ട് അംഗീകരിക്കുകയാണ് ചെയ്യുന്നത്. ഈ വസ്തുത ഉറപ്പിക്കുന്ന ഒരു പ്രമുഖ മുസ്ലീം രേഖ ഉദ്ധരിച്ചു കൊണ്ട് ഈ പഠനം അവസാനിപ്പിക്കാമെന്നു കരുതുന്നു. ഇബ്ൻ അബ്ബാസ്/വഹാബ് ബിൻ മനാബിഹ്/ബുഖാരി/ഇബ്ൻ കത്തിർ.. .. സകലരും ബൈബിളിന്റെ പരിശുദ്ധി പ്രഘോഷിക്കുന്നു.

മുഹമ്മദിന്റെ അടുത്ത ബന്ധുവും (First Cousin) സഹായിയുമായിരുന്ന ഇബ്ൻ അബ്ബാസിനെ എക്കാലത്തെയും പ്രമുഖ ഇസ്ലാമിക പണ്ഡിതനായിട്ടാണ് കരുതപ്പെടുന്നത്. ദൈവിക വെളിപ്പാടുകളായ വേദഗ്രന്ഥങ്ങളിൽ ഒരിക്കലും ആർക്കും തിരുത്ത് വരുത്താൻ കഴിയില്ലെന്നു ഇബ്ൻ അബ്ബാസ് നിസ്സംശയം വ്യക്തമാക്കിയിരിക്കുന്നു.

''അവർ നാവു വളച്ചൊടിക്കുന്നു'' (സൂറാ 3:78)ന് ഇബ്ൻ അബ്ബാസ് നല്കുന്ന വിശദീകരണം ശ്രദ്ധിക്കുക. തഫ്സിർ ഇബ്ൻ കത്തിറിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ നിന്നു:

''Who distort the book with their tongues means they alter Allah's (word) Al-BuKhari reported that Ibn'Abbas said that Ayahmeans they alter add although none among Allah's creation can remove the words of Allah from His books, they alter and distort their apparent meanings Wahb Bin Munabbin said, ''The Tawrah and Injil remain as Allah revealed them, and no letter in them was removed. How ever, the people misguide others by addition and falls interpretation, relying on books that they wrote themselves'' then, they say, "''This is from Allah''but it is not from Allah; As for Allah's books, they are still preserved and can not be changed'' Ibin Abi Hatim recorded this statement.....(Tafsir) Ibin-Kathir abriged, volume 2, parts 3,4&5, Surat-Al-Baqarah, verse 253, to Surat An-Nisa, verse147. ( Darussalam Publishers and Distributors, Riyadh, Houston, Newyork,Lahore; First edition march 2000) P 196 source; Bold and capital emphasis ours.

തൗറാത്തും ഇൻജീലും ആരും ഒരിക്കലും തിരുത്തിയിട്ടില്ലെന്നും അവ വെളിപ്പെടുത്തപ്പെട്ട അതേ അവസ്ഥയിൽ നിലനില്ക്കുന്നുവെന്നും ഇബ്ൻ അബ്ബാസ്, വഹാബ് ബിൻ മനാബിഹ് എന്നിവരിൽ നിന്നുമുള്ള നിവേദനമാണിത്. ബുഖാരിയാണിത് ശേഖരിച്ചത്. ഇബ്ൻ കത്തിർ അത് തന്റെ ഖുർആൻ വ്യാഖ്യാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ ഒരിക്കലും വിശുദ്ധ വേദപുസ്തകത്തിനെതിരായി പ്രവർത്തിക്കുകയില്ല. ബൈബിളിനെതിരായി പ്രവർത്തിക്കുന്നവർ ദൈവവിരോധികളാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. സാത്താൻ ഉള്ളിടത്തോളം കാലം സാത്താന്റെ പ്രവർത്തനവും ഉണ്ടാകും. ദൈവജനത്തെ ഉപയോഗിക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ തന്റെ പിണിയാളുകളെ തന്നെ ദൈവവചനത്തിനു എതിരായി അവൻ ഉപയോഗിക്കുന്നു.

വംശാവലി .....15 ാം പേജ് തുടർച്ച ......

ലേക്കു വരുന്നതിനു വേണ്ടി നാം പ്രാർത്ഥിക്കുന്നതോടൊപ്പം തന്നെ, ബൈബിളിനെതിരെയുള്ള കള്ളപ്രചരണങ്ങളെ തിരിച്ചറിഞ്ഞു അതിനെ പ്രതിരോധിക്കേണ്ടതും അത്യാവശ്യകാര്യമാണ്. അതിനു നമ്മളെ ഓരോരുത്തരേയും സർവ്വശക്തനായ ദൈവം ബലപ്പെടുത്തട്ടെ!!!

# സത്യം വെളിപ്പെടുത്തുന്നു..2

ഇസ്ഹാർ ഉൾ ഹഖ്



## B മുഹമ്മദും തുറാത്തും

ബൈബിളിനെക്കുറിച്ച് ഖുർആന് പറയുവാനുള്ളതാണ് നാം മുകളിൽ വായിച്ചത് ഇനി മുഹമ്മദ് ബൈബിളിനെ സംബന്ധിച്ച് എന്തു പറയുന്നു എന്ന് നോക്കാം.

സുനൻ അബുദവൂദ് ബുക്ക് 38 (കിതാബൽ ഹുദുദ് നമ്പർ 4434)

അബ്ദുള്ള ജബൻ ഉമറിൽ നിന്നുള്ള വിവരണം: ഒരുകൂട്ടം യഹൂദർ വന്ന് അല്ലാഹുവിന്റെ അപ്പൊസ്തലനെ ( PBUH) കുഫ്ലേക്കു ക്ഷണിച്ചു. അങ്ങനെ അദ്ദേഹം അവരുടെ പാഠശാല സന്ദർശിച്ചു.

അവർ പറഞ്ഞു,- " അബുൾവാസിൻ , ഞങ്ങളുടെ കൂട്ടത്തിൽ ഒരുവൻ ഒരു സ്ത്രീയുമായി വ്യഭിചാരം ചെയ്തു, അതുകൊണ്ട് അവരുടെ മേൽ ന്യായം വിധിക്കുക.".അല്ലാഹുവിന്റെ അപ്പൊസ്തലൻ (PBUH) അവർ ഒരു തലയിണ നൽകി, അദ്ദേഹം അതിന്മേൽ ഇരുന്നിട്ട് പറഞ്ഞു, " തൗറാത്ത് കൊണ്ടുവരിക". അതു കൊണ്ടുവരപ്പെട്ടു ഉടനെ അദ്ദേഹം തലയിണ എടുത്ത് അതിൻമേൽ തൗറാത്ത് വെച്ച ശേഷം പറഞ്ഞു, " ഞാൻ നിന്നിലും നിന്നെ വെളിപ്പെടുത്തിയവനിലും വിശ്വസിക്കുന്നു". തുടർന്ന് അദ്ദേഹം അരുളി, " നിങ്ങളിൽ അറിവുള്ള ഒരാളെ എന്റെ അടുക്കൽ കൊണ്ടുവരിക". ഒരു ചെറുപ്പക്കാരൻ ഹാജരാക്കപ്പെട്ടു കല്ലെറിയലിനെക്കുറിച്ചുള്ള പാരമ്പര്യം നബിയിൽ നിന്ന് കേട്ട് മാലിക്ക് സംവേദനം ചെയ്തതുപോലെ തന്നെയാണ് തുടർന്നുള്ള ഭാഗങ്ങൾ സംവേദകൻ സൂചിപ്പിച്ചത്. മുഹമ്മദിന്റെ കാലഘട്ടത്തിൽ തൗറാത്ത് വികലമാക്കപ്പെട്ട ഒരു ഗ്രന്ഥമായിട്ടല്ല അവർ സ്വീകരിച്ചു വന്നത് എന്നല്ലെ ഇതിൽ നിന്നും മനസ്സിലാകുന്നത്?

ഈ ഹദീസിൽ നിന്നും താഴെപ്പറയുന്ന കാര്യങ്ങൾ നമുക്ക് മനസ്സിലാകും.

1, ആ കാലഘട്ടത്തിൽ പരക്കെ ഉപയോഗിക്കപ്പെട്ടിരുന്ന അംഗീകൃതമായ ഒരു തൗറാത്തിന്റെ പ്രതി മുഹമ്മദ് നബിയുടെ കൈവശമുണ്ടായിരുന്നു.

മുഹമ്മദിന്റെ കൈവശമുണ്ടായിരുന്ന പ്രതി വ്യത്യസ്തമാണെന്ന് ഒരിക്കലും യഹൂദന്മാർ പ്രതിഷേധം ഉന്നയിച്ചുമില്ല. ഒരു പക്ഷെ മുഹമ്മദിനും അറബികൾക്കും അത് വായിക്കുവാൻ അറിയില്ലാത്തതുകൊണ്ട് യഥാർത്ഥത്തിൽ ഇത് യഹൂദന്മാർ തന്നെ നല്കിയതാവാം. ഈ പ്രതി ദൈവത്തിന്റെ മാറ്റമില്ലാത്ത വചനമാണ്. “അല്ലാഹുവിന്റെ വചനങ്ങൾക്ക് മാറ്റം ഇല്ലാത്തതുകൊണ്ട് വേദഗ്രന്ഥത്തിൽ യാതൊരു സ്ഖലിതവും ഇല്ല.” (സൂറ 10:94)

2. മുഹമ്മദ് തൗറാത്ത് എടുത്ത് പരിശോധിച്ചു എന്നുള്ള വസ്തുത ഓരോ മുസ്ലീമും അനുവർത്തിക്കേണ്ട ഒരു മാതൃകയാണ്, താൻ ഇരുന്നിരുന്ന തലയിണ എടുത്ത് അതിന്മേൽ തൗറാത്ത് ഉയർത്തിവെച്ചത് നാം പ്രത്യേകം ശ്രദ്ധിക്കണം . ഓരോ ഭക്തന്മാരായ മുസ്ലീമും അല്ലാഹുവിന്റെ ഗ്രന്ഥങ്ങളെ ഈ വിധത്തിലത്രേ ആദരിക്കേണ്ടത്.

3. “ഞാൻ നിന്നിൽ വിശ്വസിക്കുന്നു. നിന്നെ വെളിപ്പെടുത്തിയവനേയും വിശ്വസിക്കുന്നു“ എന്നുള്ള നബിയുടെ പ്രസ്താവന മുഴുബൈബിളിനെ വിശ്വസിക്കുവാൻ നമ്മോടുള്ള ആഹ്വാനമായി കരുതി അദ്ദേഹത്തിന്റെ മാതൃക പിൻപറ്റണം.. “പ്രിയ ക്രിസ്തീയ സുഹൃത്തേ ! ആധികാരികമായ യഥാർത്ഥ തൗറാത്ത് ഇന്ന് ഇല്ലല്ലോ? എന്ന മൗഢ്യം പറയരുത്. നിങ്ങൾക്ക് നബിയേക്കാൾ കൂടുതൽ അറിവുണ്ടോ? വിശുദ്ധഗ്രന്ഥത്തിലുള്ള തന്റെ വിശ്വാസത്തെക്കുറിച്ച് നബി തന്നെ ഉറപ്പിച്ച് പറഞ്ഞത് തലമുറകളായി കൈമാറി വന്നിട്ടുണ്ടല്ലോ?

**മുഹമ്മദിന്റെ ആദ്യകാല ജീവിതചരിത്രത്തിൽ നിന്നുള്ള തെളിവുകൾ**

മുഹമ്മദിന്റെ കാലത്ത് തൗറാത്ത്, സബൂർ, ഇഞ്ചീൽ (ബൈബിൾ) തനതായ രൂപത്തിൽ ഉണ്ടായിരുന്നെന്നും, പിന്നീടാണ് അവ വികലമാക്കപ്പെട്ടതെന്നും ചിലർ പറഞ്ഞേക്കാം.

മുഹമ്മദ് AD 6/7 നൂറ്റാണ്ടുകളിലായിരുന്നു ജീവിച്ചിരുന്നത്. ഈ കാലഘട്ടത്തിനു മുമ്പും പിമ്പുമുള്ള ബൈബിളുകൾ ഇന്ന് നമ്മുടെ കൈവശം ഉണ്ടല്ലോ. ഖുർആനിൽ പ്രതിപാദിച്ചിരിക്കുന്ന തൗറാത്തും ഇഞ്ചിലുമാണ് ഇന്നത്തെ ബൈബിളിൽ ഉള്ളതെന്നു പുരാവസ്തു ഗവേഷണങ്ങളിൽ നിന്നുള്ള തെളിവുകൾ ശരിവെക്കുന്നു.

മുഹമ്മദിനെക്കുറിച്ച് ആദ്യജീവചരിത്രം എഴുതിയ (സിറ) ഇബ്നു ഇഷാക്ക് ഈ വസ്തുത ശരിവയ്ക്കുന്നുണ്ട്. ക്രിസ്ത്യാനികൾ ‘ പുതിയ നിയമം‘ എന്നു വിളിക്കുന്നതാണ് ഖുറാനിൽ പറഞ്ഞിരിക്കുന്ന ഇഞ്ചീൽ എന്നു അദ്ദേഹം വ്യക്തമായി പറയുന്നു.

“എന്റെ (മുഹമ്മദ്) അടുക്കൽ എത്തിയ വസ്തുതകൾക്കിടയിൽ, മറിയയുടെ പുത്രനായ ഈസ തന്റെ അനുയായികൾക്കുവേണ്ടി ദൈവത്തിൽ നിന്നും ലഭിച്ച ഇഞ്ചീലിൽ, ദൈവത്തിന്റെ റസൂലിനെക്കുറിച്ച് ഉപയോഗിച്ചിട്ടുള്ള ഒരുപദപ്രയോഗം ഇങ്ങിനെയാണ്. മറിയമിന്റെ പുത്രനായ ഈസയുടെ നിയമത്തിൽനിന്ന് ലഭിച്ചതിൻപ്രകാരമാണ് യോഹന്നാൻ അപ്പോസ്തലൻ അവർക്കുവേണ്ടി ഇഞ്ചീൽ രേഖപ്പെടുത്തി നല്കിയത്. ഇതിൽ നിന്നുമാണ് ആ പ്രയോഗം ഉരുത്തിരിഞ്ഞ് വന്നിരിക്കുന്നത്.“. ( ഇബ്നുഇഷാക്ക്– ’സിറ റസൂൽ അല്ലാഹ്‘ ( Life of muhammod by A.Gillemy) Karachi Oxford 1998, page 103, 104

(പരിഭാഷ, ബ്രാക്കറ്റ് ഞങ്ങളുടേത് )

(തുടരും......)

**സ്ഥല പരിമിതി മൂലം ചില തുടർ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ക്ഷമിക്കുക.** പത്രാധിപർ